www.malankaralibrary.com

# ക്രൈസ്തവഗീതങ്ങൾ

ജി. ചേടിയത്ത്

കോട്ടയം

1982

www.malankaralibrary.com

# ആമുഖം

"മലങ്കരഗീതങ്ങൾ" എന്ന കൃതിക്കു് ലഭിച്ച ഹാർദ്ദവസ്വീകരണമാണു് ഈ കൃതി പ്രസിദ്ധീകരിക്കാൻ പ്രേരകമായതു്. മലങ്കരസുറിയാനി ക്രിസ്ത്യാനികൾക്കു് സുപരിചിതമായ രീതികളിലാണു് ഇവ രചിച്ചിരിക്കുന്നതു്. ആകെയുള്ള 42 ഗീതങ്ങൾ വിവിധ വിഷയങ്ങളെ ആധാരമാക്കി ഏഴു് ഭാഗമായി തിരിച്ചിരിക്കുന്നു. വിവിധ സന്ദർഭങ്ങളിൽ പാടുന്നതിനു് ഗാനങ്ങൾ തെരഞ്ഞെടുക്കാൻ ഇതു് സഹായകമാണു്. ഭവനങ്ങളിലെ യാമപ്രാർത്ഥനകൾ; ഇടവകകളിലെ വായനകൾ, മരണാവസരം, മറ്റു് സഭായോഗങ്ങൾ, ഞായറാഴ്ച പ്രഭാതപ്രാർത്ഥന കഴിഞ്ഞുള്ള സമയം ആദിയായ അവസരങ്ങളിൽ ഇവ പാടാവുന്നതാണു്. ഒററയ്ക്കു് ധ്യാനിക്കാനും പ്രാർത്ഥിക്കാനും ആഗ്രഹിക്കുന്നവർക്കും ഇതു് സഹായകമാണു്. സഭയിലെ എല്ലാ ജീവിതാവസ്ഥയിൽപ്പെട്ടവർക്കും ഉപകാരപ്രദമാണു് ഈ ഗ്രന്ഥം.

ഇതിൻെറ മുദ്രണം ഭംഗിയായി നിർവ്വഹിച്ച ബഥനി പ്രസ്സിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ. ഈ കൃതി എബോസ്സു് സീരീസിൽ ഉൾപ്പെടുത്തിയ ഡിറക്ടർ ബ. ജോർജ്ജ് കണിയാരകത്തച്ചനെ സ്നേഹപൂർവ്വം സ്മരിക്കുന്നു. അഭിവന്ദ്യ ചേപ്പാട്ടു് ഫീലിപ്പോസ് റമ്പാച്ചൻെറ പാവനസ്മരണക്കു് (+1979) ഈ കൃതി സമർപ്പിച്ചുകൊള്ളുന്നു.

കോട്ടയം
1–5–1982

ഫാ. ജി. ചേടിയത്തു്

www.malankaralibrary.com

# ഉള്ളടക്കം

## ഭാഗം 1–ത്രിത്വം


| നമ്പർ | | ഖണ്ഡിക | പേജ് |
|---|---|---|---|
| 110–1 | പരിപാവന റൂഹാ നാഥാ | 1 | 1 |
| 111–2 | ഈ ലോകമെനിക്കൾത്താര | 16 | 2 |
| 112–3 | ത്രിയേകൻ നീ സംസ്തുത്യൻ | 6 | 6 |
| 113–4 | നിൻ്റെ ജനത്തെ സന്ദർശിക്കണമെ | 5 | 8 |
| 114–5 | അബ്രാഹാം ചെയ്തതുപോൽ | 10 | 9 |
| 115–6 | സ്നേഹത്താലൊരു പറുദീസാ | 30 | 11 |


## ഭാഗം 2–ക്രിസ്തു


| | | | |
|---|---|---|---|
| 116–7 | അവനൊത്തിന്നലെ മൃതനായ് ഞാൻ | 5 | 15 |
| 117–8 | എനിയോനോ—യൽദാ | 5 | 16 |
| 118–9 | ജീവൻ തന്നു നമ്മെ വളർത്തി | 4 | 17 |
| 119–10 | താരമുദിച്ചന്നാൾ യൂദാനാട്ടിൽ | 16 | 17 |
| 120–11 | ദൈവികമാം ഈ ബലിയിൽ | 8 | 19 |
| 121–12 | നീ മണവാളൻ ദൈവസുതൻ | 6 | 20 |
| 122–13 | മന്നിലണഞ്ഞൊരു ദൈവസുതന്നായ് | 10 | 22 |
| 123–14 | യൽദാഗീതം—1 | 10 | 24 |
| 124–15 | യൽദാഗീതം—2 | 11 | 25 |
| 125–16 | ശിശുവായ് തീർന്നവനേ | 7 | 26 |
| 126–17 | ശ്രേഷ്ഠം അഗ്രാഹ്യം ത്രിത്വം | 7 | 28 |


## ഭാഗം 3–കന്യകമറിയം


| | | | |
|---|---|---|---|
| 127–18 | കനിവുള്ളവളേ, കന്യകയേ | 7 | 31 |
| 128–19 | ജീവഫലം പേറും തരു | 10 | 33 |
| 129–20 | ദീപമേ, ദീപമേ | 12 | 34 |
| 130–21 | ഭാഗ്യം മറിയാമേ | 13 | 36 |
| 131–22 | മറിയം രണ്ടാം പറുദീസാ | 12 | 38 |
| 132–23 | രാജകുമാരീ, മാതാവേ, | 9 | 40 |
| 133–24 | സീഹത്തെപ്പേറും | 22 | 42 |
| 134–25 | സ്വർണ്ണാലംകൃതമവൾ വസനം | 7 | 45 |


## ഭാഗം 4–വിശുദ്ധർ


| നമ്പർ | | ഖണ്ഡിക | പേജ് |
|---|---|---|---|
| 135–26 | ആബൂൻ മാർ ഈവാനിയോസ് | 10 | 47 |
| 136–27 | പുതിയൊരു സുദിനത്തിൽ | 15 | 49 |


## ഭാഗം 5–രോഗത്തിൽ


| | | | |
|---|---|---|---|
| 137–28 | അവനിൽ വസ്സാം നിമിഷങ്ങൾ | 5 | 53 |
| 138–29 | കർത്താവാം സർവ്വേശാ | 44 | 54 |
| 139–30 | ദൂരെയകറ്റുക സ്ലീബായാൽ | 9 | 59 |


## ഭാഗം 6–പരേതർ


| | | | |
|---|---|---|---|
| 140–31 | അതിരാവിലെ | 1 | 61 |
| 141–32 | ആ സുദിനം മോദകരം | 8 | 61 |
| 142–33 | താരമുദിച്ചു തൻ ഉദയത്തിൽ | 11 | 63 |
| 143–34 | നാംവേദനയിൽ | 39 | 65 |
| 144–35 | പരേതർ | 10 | 72 |
| 145–36 | മൃതിയെ മൃതിയാലേ | 41 | 74 |
| 146–37 | മൃതിസമയം | 49 | 77 |
| 147–38 | മൃത്യു | 3 | 80 |
| 148–39 | ശവസംസ്കാരം | 3 | 81 |


## ഭാഗം 7–പൊതുവ്


| | | | |
|---|---|---|---|
| 149–40 | കാലാവസ്ഥാ ഗീതം | 10 | 82 |
| 150–41 | പച്ചവിരിച്ചൊരു ധര | 20 | 83 |
| 151–42 | മിസ്രേം കേണപ്പോൾ | 7 | 90 |

www.malankaralibrary.com

## ഭാഗം 1—ത്രിത്വം

### 110–1 പരിപാവന റൂഹാനാഥാ

പരിപാവന റൂഹാ നാഥാ,
എല്ലാവരും: വേഗം വന്നീടണം
കരുണ നിറഞ്ഞവനാം നാഥാ....
ശ്ലീഹന്മാരിലിറങ്ങിയ നീ,...
കന്യക മറിയാമിൻ നാഥാ,...
സഹദേന്മാരുടെ കൂട്ടാളീ,...
കന്യകമാരുടെതുണയാളീ,...
പിതൃസുതസമനാം കർത്താവേ,...
ദാനങ്ങൾ തൻ നിറകുടമേ,
സ്നേഹം വിതറും നായകനേ,...
മകുടം ശിരസ്സിൽ വയ്ക്കുവനേ,
നിത്യം നമ്മെ നയിക്കുന്നോൻ,...
കറകൾ കഴുകിക്കളയുന്നോൻ,
റൂഹ്ക്കുദ്ശാ പാറക്കലീത്താ,...
ആശ്വാസപ്രദനാം റൂഹാ,...
തീരം തിങ്ങും വൻ നദിയേ,...
കാരുണ്യത്തിൻ കുമ്പാരം,...
ആശ്വാസം പകരുന്നവനേ,...
വേദന ഒപ്പി എടുപ്പവനേ
പരിശുദ്ധാത്മാവാം നാഥാ....
കരുണക്കടലാം സകലേശാ,...
എന്നെ കോരിയെടുത്ത നൃപാ,...
എന്നെ മാടി വിളിച്ചവനേ,...
എന്മേൽ ചിറകുവിരിച്ചവനേ...
മൃതരിൽ ജീവൻ പകരുന്നോൻ...
പുഴിക്കയിരേകുന്നവനേ...
സ്വർഗ്ഗമെനിക്കു തുറപ്പവനേ,...

www.malankaralibrary.com



## III–2 ഈ ലോകമെനിക്കൾത്താര[1]

രീതി: സ്തുത്യൻ പുനരുത്ഥാനത്തെ
വലുതാക്കി, ശരണമുറപ്പിച്ചോൻ
ധന്യൻ പൗലോസിൻ സാക്ഷ്യം
സംശയമാകെയകറ്റുന്നു.
ജീർണിക്കാതെ മുളച്ചിടുമോ?

ധാന്യം? അതുപോൽ ആദാമിൻ
വംശജരെല്ലാരും
മഹിമയൊടെഴുന്നേൽക്കും നൂനം.
(ശനി–പ്രഭാതം–രണ്ടാംകോലോ)

1 നന്മ നിറഞ്ഞവനാം മിശിഹാ
കിണറിന്നരികിലിരുന്നരുൾചെയ്തു:
"ആത്മാവാകുന്ന ദൈവം
സ്ഥലകാലാതീതൻ നിത്യൻ
അവനെ ആരാധിക്കുന്നോർ.

ഉന്നതമലകൾ തേടേണ്ടാ
ആത്മാവിൽ നേരിൽ
ആരാധനയർപ്പിക്കേണം."

2 അലയാഴികളെ നിർമ്മിച്ചോൻ
അഖിലാണ്ഡത്തിൽ നിറഞ്ഞവനത്രേ
അവനാൽ ലോകം നിലനിൽപ്പൂ
അവനവയെപ്പരിപാലിപ്പൂ
ലക്ഷ്യം നോക്കി നയിക്കുന്നു.

സർവ്വത്തിന്നും പ്രഭനല്കി
ജീവിപ്പിക്കുന്നു;
അത്ഭുതമത്രേ തൻ വഴികൾ.

1. cf. Teilhard de Chardin, Hymn of the Universe



3 കരുണ നിറഞ്ഞവനൊരു നാളിൽ
തിരുവചനത്താൽ സൃഷ്ടിച്ചെല്ലാം
സൃഷ്ടിക്കൊരു മകുടം നല്കി
സ്വന്തം ച്ഛായയിലുണ്ടാക്കി
മർത്ത്യനെ രാജാവായരുളി
ചൊന്നാനവനോടുന്നതനാം
ദൈവകുമാരൻ നീ
പറുദീസായിൽ പണിചെയ്യൂ

4 സൃഷ്ടികളെ നിർമ്മിച്ചവനാം
സ്രഷ്ടാവെല്ലാം പരിപാലിപ്പൂ
നല്കീസൃഷ്ടിക്കൊരു ശക്തി
അഖിലാണ്ഡം മുഴുവൻ നിറയാൻ
ഇവിടൊരു പറുദീസാ പണിയാൻ
എല്ലാമതിനായ് പണിചെയ്‌വൂ
അത്ഭുതമേറുന്ന
സ്വർഗ്ഗീയോന്നത സൈന്യങ്ങൾ.

5 മന്നിൻ മന്നവനാം മർത്ത്യൻ
മണ്ണും വിണ്ണും ചേർന്നൊന്നായി
അവനുടയവനാം ദൈവത്തിൻ
ശ്രേഷ്ഠപുരോഹിതനാകുന്നു
സ്രഷ്ടാവിൻ പ്രതിപുരുഷനവൻ
സ്വർ–ലോകത്തിൻ മതിലുകളെ
പണിയാനാദിമുതൽ
അധ്വാനിക്കുന്നു മർത്ത്യൻ.

6 ദൈവമയച്ചു വചനത്തെ
സൃഷ്ടിയെ നിർമ്മിച്ചവനെത്തന്നെ;
അവനൊരു നരനായ് യൂദായിൽ
പുതിയൊരു പാത തുറന്നരചൻ
ലോകത്തിൻ നിലവിളിമാറ്റി
അധ്വാനിക്കും മർത്ത്യർക്കായ്
ആനന്ദം നല്കി;
പുതിയൊരു ലോകത്തിൻ പിറവി.

www.malankaralibrary.com



7 ഞാനൊരു മലയിൽ വസിക്കുന്നു
മരുഭൂമിയിലത്രേ എൻ വാസം
ഇവിടൊരു ദേവാലയമില്ല
ഇവിടൊരു ബലിപീഠവുമില്ല
അർപ്പക വസ്തുക്കളുമില്ല
നാഥാ, കാട്ടു ദീപം നീ
ഞാനൊരു കൂരിരുളിൽ
നിൻ വചനം മമ ശുഭദീപം.

8 ഈ ലോകത്തെ പണി ചെയ്യും
അത്യുന്നതനാം നിത്യപിതാവ്
അഖിലരെയും യോജിപ്പിക്കാൻ
അനുനിമിഷം പണി ചെയ്യുന്നു
ലോകത്തിൽ തന്നെവാഴ്വൂ
ലോകത്തിൻശക്തി വചനം
ചൈതന്യം പകരും
അത്ഭുതനാം അഗ്രാഹ്യനഹോ.

9 ഈലോകമെനിക്കൾത്താര
ജ്യോതിർഗോളം തിരിയാക്കും ഞാൻ
ഈ ബലിവേദിയിലെൻ ബലികൾ
അനുദിന കുരിശുകളാം കാഴ്ച
രക്തവിയർപ്പുകളോടൊത്ത്
അർപ്പിക്കും ഞാൻ കർത്താവേ,
കൈക്കൊൾകെൻ കാഴ്ച
ഹാബേലിൻ കാഴ്ചകൾ പോലെ.

10 ആ ബലിയെൻ കൈകളിലേന്തി
എൻ പ്രിയ നാഥനർപ്പിച്ചീട്ടും
അഖിലചരാചര സൃഷ്ടിക്കായ്
പണിചെയ്യുന്നവരെല്ലാർക്കും
അവരുടെ കാഴ്ചകളൊന്നിച്ച്
അർപ്പിക്കും ഞാൻ കർത്താവേ,
കൈക്കൊൾകെൻ കാഴ്ച
ഹാബേലിൻ കാഴ്ചകൾ പോലെ.



11 ഇന്നൊരു സുദിനം പുണ്യദിനം
ഇന്നർപ്പിക്കും നാഥനായ് ഞാൻ
ഈ ലോകത്തിൻ നെടുവീർപ്പ്
ഇവിടുയരുന്നൊരു സന്ദേഹം
അഖില ജനത്തിന്നധ്വാനം
എല്ലാമൊന്നായർപ്പിക്കും
കൈകളിലേന്തിയിതാ
കൈക്കൊൾകെൻ പ്രിയകർത്താവേ.

12 ഒന്നിപ്പിക്കുക കർത്താവേ,
സൃഷ്ടിയെയെല്ലാം തിരുസുതനിൽ നീ;
ഓരോരുത്തരതിന്നായി
ഓരോരോ നാൾ പണിചെയ്യു
അന്ത്യത്തിൽ നിൻ സുതനെത്തി
കർത്താവേ. നിൻ തൃക്കൈയിൽ
നല്ലൊന്നെൻ കാഴ്ച
തിരുഹ തമെന്നിൽ നിവർത്തിക്ക.

13 അഗ്നികൾ രണ്ടുണ്ടുലകത്തിൽ
ഒന്നുയരത്തിൽ നിന്നുജ്ജ്വലിപ്പൂ
മറ്റൊന്നുള്ളിൽ നിന്നത്രേ
ഇരുജ്വാലകളും ഒന്നത്രേ
നീയെല്ലാറ്റിനുമാരംഭം
അർപ്പിക്കുന്നു തിരുമുമ്പിൽ
അദ്ധ്വാനം സർവം
തിരുഹിതമെന്നിൽ നിവർത്തിക്ക

14 ഈ ബ്രഹ്മാണ്ഡം തീജ്ജ്വാല
ജ്വാല പകർന്നു നാഥൻ തന്നെ
തിരുമുമ്പിൽ ഞാനൊരു വള്ളോർ
സാഷ്ടാംഗം പ്രണമിക്കുന്നു.
തിരുഹിതമായ് കത്തിക്കെന്നെ;
ഈ സുദിനത്തിൻ പുലരിയിൽ ഞാൻ
അർപ്പിക്കുന്നെല്ലാം
കൈക്കൊൾകെൻ പ്രിയകർത്താവേ.

www.malankaralibrary.com



15 നീ നീട്ടുന്നൊരപൂപം ഞാൻ
ഇരുകരവും നീട്ടി കൈക്കൊൾവൂ
നീ സജ്ജമതാക്കിയ കാസാ
വാങ്ങി പാനം ചെയ്യും ഞാൻ
അതിലെൻ ജീവിതവഴി കാൺമൂ
കൂരിരുളിൽ നിൻ വഴിയെല്ലാം
അതിലടിയൻ കാൺമൂ
തിരുവചനം വഴിയിൽ ദീപം.

16 നീയെൻ ജീവിത സാരാംശം
എന്നെ ശോഭ ധരിപ്പിക്കുന്നോൻ
വീട്ടയരത്തിൽ പണിയുന്നോൻ
നിശയുടെ ഭീതിയകറ്റുന്നോൻ
നാളെയുടാഴമളക്കുന്നോൻ
കർത്താവേ, നിൻ തിരുമുമ്പിൽ
പ്രണമിക്കുന്നടിയൻ
തിരുഹിതമെന്നിൽ നിവർത്തിക്ക.

## 112-3 ത്രിയേകൻ നീ സംസ്തുത്യൻ

രീതി: കബറുകൾ പരിശോധിച്ചീടാം
സുന്ദരനും മല്ലനുമൊരുപോൽ
നാശ–ത്തിന്നിരയായല്ലോ.
പട്ടകുഴിയിൽ ചവറായവരും
നാഥാ, നിൻ സാദൃശ്യത്തി–
ന്മേൽ നീ അലിയണമെ കൃപയാൽ.
(ശനി–സന്ധ്യ–ഒന്നാം കോലോ)

1 കരുണാ സാഗരമാം താതാ,
ജയമകുടം പ്രാപിച്ച നൃപാ,
പരിപാ–വനനാം റൂഹായേ,
ത്രിയേകൻ നീ സംസ്തുത്യൻ
ആത്മശരീരങ്ങളെ ദേവാ
കൃപയാൽ പാവനമാക്കണമെ.



2 ദിനരാത്രങ്ങൾ നീക്ഷിച്ചോൻ
പ്രാർത്ഥന കേൾക്കണമെപ്പോഴും
ദാന–ങ്ങൾ വർഷിക്കേണം
നിൻ വഴി കാട്ടണമേയെന്നെ
ദുഷ്ടനിൽ നിന്നെൻ പാതകളെ
കൃപയാൽ കാക്കണമെപ്പോഴും.

3 ബലഹീനതയാലെൻ നാഥാ,
കുഴിയിൽ വീഴുന്നഗതിയിവൻ
കൃപയാൽ കൈ തന്നേറ്റണമെ
അനുതാപത്തിൻ പാതകളിൽ
അനുദിനമോടി നടന്നീടാൻ
അഗതിക്കേകണമെ ദാനം.

4 വസ്ത്രം പോലെൻ ജീവൻ ഞാൻ
മുമ്പിൽ വിരിക്കുന്നു നാഥാ,
കൃപ ചെയ്ത് ഇരുലോകങ്ങളിലും
ചിന്തപ്പെട്ട ജലം പോൽ ഞാൻ
നാഥാ. നിൻ സവിധേയെത്തി
കേഴു–ന്നു നിൻ കൃപകൾക്കായ്.

5 “ഭീകരമാം കാഹളനാദം
ദൂതന്മാരുടെ വൻകൂട്ടം
കത്തു–ന്നഗ്നിയതിൻ ദിവസം”
ഓർക്കുമ്പോൾ ഭയബാധിതനായ്
തല താഴ്ത്തുന്നേൻ ബലഹീനൻ
നൃപനേ, ധൈര്യമെനിക്കേകൂ.

6 മേല്യരേ നീയാഗതനായ്
വിധിചെയ്യുമ്പോൾ പ്രിയനാഥാ,
ഓർക്ക–ല്ലേയെൻ കുറ്റങ്ങൾ
വലഭാഗം തരണം കൃപയാൽ
മോദമെഴുന്നൊരു മണവറയും
ശുദ്ധ–ന്മാരുടെ രാജ്യമതും.

www.malankaralibrary.com



## 113–4 നിന്റെ ജനത്തെ സന്ദർശിക്കണമെ

രീതി: നിൻ വരവിൻ വല്യതാം പുലരിയിൽ നാഥാ, നീ
ഞാൻ നിങ്ങളെയറിയില്ലെന്നരുളീടരുതെ
അച്ചാരമതായി–ട്ടേകി നിൻ തിരുമെയ്
പരിഹാരാർത്ഥം നിൻ നിണവും നീ നല്കി
ഹാ–മോദിപ്പോർ ജാതികൾ സ്തുതി പാടീടുന്നു.
(വെള്ളി–പ്രഭാതം–രണ്ടാം കോലോ)

1 കരുണ നിറഞ്ഞവനേ കൃപചൊരികടിയാർ മേൽ
നിന്നവകാശത്തെ തള്ളരുതേ നാഥാ
ജാതികൾ നിന്ദിക്കാ–നിടയായീടരുതേ
ഉയരേ നിന്നും നീ നോക്കണമെ കൃപയാൽ
ഹാ–നിൻ ദർശനവും കാത്തടിയാർ മേവുന്നു.

2 കൃഷ്ണമണിക്കൊപ്പം–കാക്കണമെന്നെ നീ
ചിറകിൻ നിഴലിൽ നീ സംരക്ഷണമേക
വിദ്വേഷം തിങ്ങും ദുഷ്ടനെ ഓടിക്ക
നീതി നിറഞ്ഞവയാം കോട്ടകൾ പണിയണമെ
ഹാ–നിൻ ദർശനവും കാത്തടിയാർ മേവുന്നു.

3 ഭീതി നിറഞ്ഞവയാം ക്രോധഫലത്തെ നീ
ദൂരെയകററണമെ ശാന്തതയേകണമെ
പാപം മോചിക്ക–രോഗം നീക്കിടുക
നിൻ പ്രഭ ദർശിപ്പാൻ യോഗ്യതയേകീടുക
ഹാ–നിൻ ദർശനവും കാത്തടിയാർ മേവുന്നു.

4 സഭയിൽ കരുണാബ്ധേ,–യോജിപ്പേകണമെ
ധരയിൽ നാൾതോറും ശാന്തതയേകണമെ
യുദ്ധമകററണമെ–ക്രോധം നീക്കേണമെ
ശാന്തി പരത്തണമെ–ദാനം വിതറണമെ
ഹാ–നിൻ ദർശനവും കാത്തടിയാർ മേവുന്നു.

5 അബ്രഹാം താതൻ കൃപ പ്രാപിച്ചൊരുനാൾ
മിസ്രേം ലജ്ജിച്ചു–നിന്ദ്യർ കമ്പിട്ടു
നിൻ ദാസരെ നാഥാ,–ദുഷ്ടരിൽ നിന്നെന്നും
സംരക്ഷിക്കണമെ–നിൻ തിരു സ്ലീബായാൽ
ഹാ–നിൻ ദർശനവും കാത്തടിയാർ മേവുന്നു.



## 114–5 അബ്രഹാം ചെയ്തതുപോൽ

രീതി: "ഉത്ഥാനദിനേ മൃതരായോർക്കുയിരേകി
തേജോഗാത്രം നല്കും മ്ശീഹാ സ്തുത്യൻ" (ശവസംസ്കാരം)

1 അത്യുന്നതനാം—ത്രീയേകൻ സംസ്തുത്യൻ
വേവുന്നെന്നും — മാനവ മ—ധ്യത്തിലിതാ
ഹൃദയം കാ—ണുന്നു സകലേശൻ
വിധി ചെയ്തീടുന്നു തെളിവായി
അഖിലർക്കും ചൊരിയുന്നു യോഗ്യതപോൽ തൻ കരുണ[2]

2 മേലുയരേന്നും ത്രീയേകൻ സംസ്തുത്യൻ
വാരിച്ചൊരിയുന്നു ദാനം ഭൂമിയിതിൽ
നല്ലവനും ദുഷ്ടനുമൊരുപോലെ
മഴയും വേ– നലുമവനേകുന്നു
നല്ലവർ മോ ദിച്ചീടും; ദുഷ്ടർ വേദനയേല്ക്കും.

3 മാനവരെ സ്നേ ഹിക്കുന്നു ത്രീയേകൻ
കാ–ട്ടീടുന്നു സൽപന്ഥാവെപ്പോഴും
വിതറുന്നു കാരുണ്യം ധരയിൽ
വാഴ്ത്തുന്നു പ്രിയരാം മാനവരെ
അവനെ വന്ദിച്ചീടാം —അവനായ് വയ്ക്കാം ഹൃദയം.

4 സിംഹത്തേയും കരടിയെയും കൊന്നവനാം
ദാവീദിൻ മേൽ മേവീ വൻ ദൈവകൃപ
ഗോല്യാത്തെ — ന്നാമല്ലനെ വെന്നു
ഇസ്രേലി–ന്നേകി വൻ രക്ഷ
ദൈവത്തിൽ മേവുന്ന — മർത്ത്യർ മോദി–ക്കുന്നു[3]

5 ദാ—വീദോതി അരിനിരയോ—ടീവണ്ണം:
"അത്യുന്നതനാം നാഥൻ നാ — മം പേറി
എത്തുന്നേൻ യുദ്ധം ചെയ്യാനായ്
വാളും കു–ന്തവുമില്ലെൻ കയ്യിൽ
വിജയം നല്കും നാഥൻ —കേഴും ദുഷ്ടക്കൂട്ടം."[4]

---

2. 1 ശാമു. 16:7.
3. 1 ശാമു 17:35.
4. 1 ശാമു. 17:45.

www.malankaralibrary.com



6 ശ–ക്തിനിറഞ്ഞ കരമുള്ളോൻ സംസ്തുത്യൻ
തേ-രാളികളെ കൂടാതെ വിജയിപ്പോൻ

ശത്രുവിനെ കടലിൽ മുക്കുന്നോൻ
ജനതയ്ക്കായ് രാജ്യം നല്കുന്നോൻ

അവനിൽ വയ്ക്കാം പ്രിയരേ, ആകലത മുഴുവനുമായ്.

7 വാഴുന്നുടയോൻ നമ്മുടെയുള്ളിൽ പ്രിയരേ,
വാഴ്ത്താമവനെ അവനാണുന്നതകോട്ട

കരയിളകി കടലിൽതാണാലും
രാജ്യങ്ങൾ മാറിമറിഞ്ഞാലും

ഒരുനാളുംഇളകില്ലെൻ–ദൈവം കാക്കുന്നെന്നെ.

8 തന്നെ സ്നേഹി—ക്കും ജനതയ്ക്കായ് നാഥൻ
അപ്പം നല്കും മേലുയര—ത്തിൽ നിന്നും

ഭക്ഷിച്ചു മരുഭൂമിയിൽ ജനത
ഏലീയാ ഒരു ചൂരക്കാട്ടിൽ

ഒരു ദിനവും തള്ളില്ല–ശക്തിനിറ–ഞ്ഞോൻ നാഥൻ.

9 നേടാമിപ്പോൾ തൻരാജ്യം, തൻ നീതി
വേണ്ടവയെല്ലാം നാഥൻ നല്കും നൂനം

പടവിൽ നാ–ഥൻ കൂട്ടുള്ളപ്പോൾ
കടലിന്റെ ഉടയവനായുള്ളോൻ

ഭീതി വെടി–ഞ്ഞീ നിമിഷം–വന്ദിക്കാം സ്ലീബായെ.

10 പേടികൂടാതെ ഒരു നാളും ഈ ധരയിൽ
കൂരിരുളൊട്ടും വീഴില്ലീ മാനവരിൽ

മരുവീടാം സൂര്യൻ ശോഭയതിൽ
ചിറകിൻകീ—ഴെ അഭയം തേടാം

അബ്രഹാം ചെയ്തതുപോൽ അർപ്പിക്കാം മുഴുവനുമായ്.



## 115–6 സ്നേഹത്താലൊരു പറുദീസാ

രീതി: കർത്താവേ, കൃപ ചെയ്യണമെ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതിയയച്ചരുളണമെ നിൻ
അറയീന്നലിവുമനുഗ്രഹവും.
(സൂത്താറാ പ്രാർത്ഥനക്രമം)

1 ധരയെ പ്രഭ ചൂടുന്ന നൃപൻ
ഇരുളിൽ തൻ പ്രഭ വിതറുന്നു
കതിരാലുലകത്തെയെന്നും
പരിശോഭിതമാക്കീടുന്നു.

2 പ്രഭയിൻ ഉറവിടമാം താതൻ
കതിരാം മണവാളൻ മിശിഹാ
ഉലകത്തെ തൻ ശോഭയതാൽ
പരിശോഭിതമാക്കീടുന്നു.

3 കതിരാകുന്നവനൊരു വ്യക്തി
താതസമം യജമാനൻ താൻ
എന്നെന്നും താൻ ലോകത്തെ
പരിശോഭിതമാക്കീടുന്നു.

4 കാലങ്ങൾക്കധിപതിയാകും
കാലങ്ങൾക്കപരിസ്ഥൻ താൻ
താതനിൽ നിന്നത്ഭുതകരമായ്
ജന്മമെടുത്തു നിത്യതേ.

5 ഉറവയതാകും താതനിൽ നി–
ന്നുള്ളോരരുവിയതേ പുത്രൻ
കാലാന്ത്യത്തിലിതാ പുത്രൻ
കന്യക വഴിയീ ധരയെത്തി.

6 മൂന്നാളുകളായ് നാം വാഴ്ത്തും
ദൈവം സത്തയിലൊന്നത്രേ
ദൈവസ്വഭാവം ഒന്നാകും
ത്രീയേകൻ നാഥൻ സ്തുത്യൻ.

www.malankaralibrary.com



7 ആളത്വത്തിൽ വ്യത്യസ്തം
സത്തയിലോ അവരൊന്നത്രേ
ദൈവസ്വഭാവം ഒരുപോലെ
മൂവരിലും സ്ഥിതിചെയ്യുന്നു

8 താതസുതാത്മൻ ത്രീയേകൻ
എന്നും സ്ഥിതി ചെയ്തീടുന്നു
ലോകങ്ങൾക്കെല്ലാം മുമ്പേ
ദൈവം സ്ഥിതി ചെയ്തീടുന്നു.

9 സ്നേഹം തിങ്ങിനിറഞ്ഞൊരുവൻ
സ്നേഹക്കടലാണഖിലേശൻ
സ്നേഹം ചാർത്തുന്നുലകത്തിൽ
വൃഷ്ടിസമം കാലാകാലം.

10 സ്നേഹം തിങ്ങിനിറഞ്ഞൊരുവൻ
ജ്യോതിർ ഗോളമതാമര ചൻ
കാലാന്ത്യത്തിലയച്ചിവിടെ
സ്നേഹം തിങ്ങിയ വത്സലനെ.

11 ധരയിൽ ദൈവമൊഴുക്കിയതാം
സ്നേഹത്തികവാകുന്നീശോ;
അവനീ ധരയെ സ്നേഹത്തിൻ
കടലിൽ മുക്കുന്നവനത്രേ.

12 സ്നേഹത്തിൻ സ്തുതി പാഠകനായ്
ധരയിൽ ചുറ്റി നടന്നീശോ
സ്നേഹിതനായ് ജീവൻ വച്ചു
കുരിശിന്മേൽ ഗോഗുൽത്തായിൽ.

13 സ്നേഹത്താലെൻ വത്സലരേ,
മാതൃക കാട്ടേണം നമ്മൾ;
സ്നേഹത്താലൊരു പറുദീസാ
ഈ ധരയിൽ നന്നായ് പണിയാം.

14 കന്യകയിന്നുദയം ചെയ്തോൻ
കൂരിരുൾ നീക്കി തൻ പ്രഭയാൽ
സത്യം വിതറീ ഭൂവെങ്ങും
അവനെ വാഴ്ത്തി വണങ്ങീടാം.



15 തമസ്സിൽ പ്രഭയുദയം ചെയ്തു
ഭുവനങ്ങൾ മോദിപ്പൂ
ജാതികളവനേ വന്ദിപ്പാൻ
ഓടിയടുക്കുന്നു ഭവനെ

16 ഭൂലോകത്തിൻ മദ്ധ്യത്തിൽ
നാട്ടീ വലിയൊരു ദീപശിഖ
ദീപ്തിപരക്കുന്നുലകത്തിൽ
കൂരിരുൾ നീങ്ങുന്നത്ഭുതമേ.

17 ഗോഗുൽത്തായിന്നൊഴുകുന്ന
അരുവികളേഴു നനയ്ക്കുന്നു
ദാഹം തിങ്ങിയ ഭൂമിനിതാ
മോദിക്കുന്നു മിശിഹായിൽ.

18 തീരം തിങ്ങിനിറഞ്ഞൊഴുകും
ജലവാഹികളാമേഴരുവി
എത്തുന്നു ഭൂമദ്ധ്യത്തിൽ
ജീവികളോടിയടുക്കുന്നു.

19 ഭാരത ഭൂമിയിലെ മുനിമാർ
ദാഹത്താലോതീ വചനം:
“തമസ്സിൽ നിന്നും ജ്വാലയിലേ-
ക്കെത്തിക്കണമിവരെ വേഗം”

20 “മൃത്യുവിൽ നിന്നും ജീവനിലേ-
ക്കെത്തിക്കണമെന്നെ നാഥാ,
സത്യത്തിൻ വഴി കാട്ടുക നീ
ഞാനാ വഴിയെ നടന്നീടും”.

21 “വഴി ഞാനത്രേ മുനിമാരേ,
ജീവനുറവിടമത്രേ ഞാൻ
സത്യം ഞാനത്രേ പ്രിയരേ,”
ചൊല്ലുന്നു മുനിമാരുടയോൻ.

22 “സവിധെയണഞ്ഞിടുവിൻ പ്രിയരേ,
നൽകാം ദാഹജലം സത്യം
ദാഹിക്കില്ലൊരു മർത്ത്യനും
മേലിൽ; മോദകരം വെള്ളം.”

www.malankaralibrary.com



23 "ഞാൻ കാട്ടുന്നൊരു വഴി ചെറുതു്
ജീവനിലെത്തുന്നതിനന്ത്യം
അതുവഴി ഞാനെത്തിച്ചീടാം
എൻ പിറകെ വരുവിൻ പ്രിയരേ".
24 ബാബേൽ നാട്ടിന്നധിപന്മാർ
വിദ്വാന്മാരവനേ കണ്ടു
മിന്നുന്നൊരു താരത്തിൻെറ
ശോഭയെഴും ഉദയത്താലെ.
25 "എവിടെ താരത്തിന്നുടയോൻ?
ചൊല്ലിൻ യൂദാവാസികളേ";
"യൂദായുടെ ബേത്ലഹേമിൽ"
മാലാഖി നിബി ചൊല്ലിയുടൻ.
26 എളിമ ധരിച്ച നരർ കണ്ടു
അത്യുന്നതനെ നരനായി
ഇടയന്മാരും മുടിച്ചൂട്ടും
മന്നന്മാരും സ്തുതിപാടി.
27 അജ്ഞാനികളാമൊരു കൂട്ടം
മുക്കവരെത്തിയവന്നരികിൽ
"അത്യുന്നതനുടെ സുതനങ്ങു്"
എന്നവരോതി കുമ്പിട്ടു.
28 ജീവന്നാധാരം സ്നേഹം
കൃപയുടെയുറവയതോ താഴ്മ
വയ്ക്കു ജീവൻ സോദരനായ്
സ്നേഹത്താലവനെ മൂട്ടു.
29 കരുണ നിറഞ്ഞവനേ, നാഥാ,
കൈക്കൊള്ളണമെൻ കാഴ്ചകൾ നീ
നീട്ടിയ കൈകളിൽ നിൻ ദാനം
വയ്ക്കണമേയെൻ നൃപനേ, നീ.
30 പ്രാർത്ഥന കേട്ടീടുന്നവനേ,
യാചന നല്കീടുന്നവനേ,
പ്രാർത്ഥന കേട്ടു നിരപ്പായി
കൃപയാൽ യാചന നല്കണമെ.

---

ഭാഗം 2—ക്രിസ്തു
(യൽദാ–ദനഹാ)

## 116–7 അവനൊത്തിന്നലെമൃതനായ് ഞാൻ[1]

രീതി: "സ്തുത്യൻ പുനരുത്ഥാനത്തെ"
(ഗീതം 111.2 പേജ് 2 കാണുക.)

1 കുഞ്ഞാടേ, മിശിഹാ കർത്താ
മിസ്രേമിൽ നിൻ മുൻകുറികാൺമൂ!
ഇന്നലെ നീ കൊല്ലപ്പെട്ടു;
വാതിൽ രക്തത്താൽ പൂശി;
മിസ്രേം വീണുമരിച്ചല്ലോ.
നമ്മെ വിട്ടു് ദൂതൻ പോയ്
ദൃശ്ശാ മഹനീയം
രക്തത്താൽ നാം രക്ഷിതരായ്.

2 ഈ ദിവസം മിസ്രേമിൽ നി—
ന്നെത്തീ നാമെല്ലാവരുമൊന്നായ്
നാഥനു പെരുനാൾ ഘോഷിക്കാം
രക്ഷ നമുക്കേകീ സുദിനം
ആരും നമ്മെ തടയില്ല;
ആനന്ദത്താൽ ഘോഷിക്കാം
നീയാണെൻ ദൈവം
മർത്ത്യകുലത്തേ രക്ഷിച്ചോൻ.

3 സോദരരേ, വരുവിൻ മോദാൽ
നാഥനു സ്തുതികളണയ്ക്കാമൊന്നായ്
അവനൊത്തിന്നലെ മൃതനായ് ഞാൻ
ഇന്നവനൊത്തുയരേ കയറി
സ്വർഗ്ഗീയ പിതാവിൻ സവിധേ

1 ഗ്രീഗറി നസ്യാൻസൻ, പെസഹാപ്രസംഗം, 1-2.

www.malankaralibrary.com



നാഥനെ നല്ലാം മോദമോടേ
നമ്മെ മുഴുവനുമായ്
നമ്മുടെ മാഹാത്മ്യം കാണും.
4 ക്രിസ്തുവിനെപ്പോലാകേണം
ക്രിസ്ത്യാനികളെല്ലാവരുമെന്നും

നമ്മെ പ്രതിയവനൊരുനരനായ്
കുരിശുവരിച്ചവനുത്ഥിതനായ്
നമ്മെ ചിറകിൽ ചേർക്കുന്നു
ദൈവത്തിന്നായ് ജീവിക്കാം
അനുദിനമെന്നെന്നും
അതുതാൻ ജീവന്നാധാരം.

5 പീഡകളനുദിന മേററവരാം
സഹദേന്മാരെ ദർശിച്ചീടിൻ
പീഡകളാൽ നാമും പ്രിയരേ,
നാഥനു പിറകേ പോയിടാം
തിരുരക്തത്തെ മാനിക്കാം.
സ്ലീബായേറാം മോദമൊടേ
ക്രിസ്തുവിനൊടൊത്ത്
അവനായ് പീഡ സഹിച്ചീടാം.

## 117–8 എനിയോനോ—യൽദാ

രീതി: "തുബൈക് ഈത്തോ."

1 ജാതികളേ,–സഭയിലടുത്തീടിൻ
കൃപ പ്രാപിപ്പിൻ–ചൊല്ലാം നൃപനോടായ്
ദേവാ, കൃപചെയ്യടിയാരിൽ.

2 കാലാരം–ഭത്തിനു മുമ്പേ തന്നെ
താതനിൽ നിന്നും–ജന്മമെടുത്തോനാം ദേവാ...

3 സത്തയിൽ താ–തനുതുല്യൻ പുത്രൻ
രണ്ടാമാളും–നരനായ് തീർന്നോനേ, ദേവാ...



4 ജ്വാലയിൽ നി-ന്നുള്ളോരുന്നതജ്വാല
കന്യകയിന്നും–നരനായ് തീർന്നോനേ ദേവാ...
5 അബ്രാഹത്തിനു മുമ്പുള്ളോൻ
ദൈവമനുജൻ ലാസറിനുയിരേകിയ
ദേവാ, കൃപ ചെയ്യടിയാരിൽ.

## 118–9 ജീവൻതന്നു നമ്മെ വളർത്തി

രീതി: കാലാന്ത്യത്തിൽ

1 കാലാന്ത്യത്തിൽ/കന്യകയിൽ നിന്ന്
ഉരുവായി ഒരു ദൈവസുതൻ
അവനായ് പാടാം/അവനായ് ആടാം
അവനായ് കീർത്തനമർപ്പിച്ചീടാം...
2. വാനഗണങ്ങൾ, ദൂതന്മാരും
ഒന്നിച്ചാകാശത്തിൽ നിരന്നു
ആട്ടിടയന്മാർ, രാജാക്കന്മാർ
അവനായ് കാഴ്ചകളർപ്പിക്കുന്നു.
3 വയ്ക്കാം ജീവൻ, വത്സലരേ, നാം
നമ്മുടെ പേർക്കവനൊരു ശിശുവായി
ജീവൻ തന്നു/നമ്മെ വളർത്തി
അവനായ് നമ്മുടെ ജീവൻ വയ്ക്കാം.
4 കുരിശിൽ നോക്കു ഗോഗുൽത്തായിൽ
മൂന്നാണികളിൽ തൂങ്ങിയ രാജൻ
അവനായ് ജീവൻ/അർപ്പിച്ചീടാം
അനുദിനമവനായ് ജീവിച്ചീടാം.

## 119–10 താരമുദിച്ചന്നാൾ യൂദാനാട്ടിൽ

രീതി: കുക്കൊമോദ്കീസോ

1 വാഴ്ത്തപ്പെട്ടവനത്രേ പ്രിയ താതൻ
കാലാകാലം—ചൊരിയണമെ ദാനം
ദേവാ, കൃപ ചെയ്തീടണമെ.

www.malankaralibrary.com



2 കാലാന്ത്യമെട്ടത്തൊരു സമയേ താതൻ
സുതനെ അയച്ചു—മർത്ത്യരെ രക്ഷിപ്പാൻ. ദേവാ,...

3 അബ്രാഹത്തിനു മുൻപുള്ളോരു തനയൻ
കന്യകയീന്നും— എത്തി സുതനായി, ദേവാ,...

4 കിന്നരമേന്തും നിബി ദാവീദും
മോദിക്കുന്നു സുതനാം ഈശോയിൽ, ദേവാ...

5 നിബിയാ മേശായാ കണ്ടോരു നാളവനെ
അമ്മേനുവേലെ—കന്യാസുതനായോൻ, ദേവാ...

6 റൂഹായാൽ നെയ്തോരു മേനിയതിൽ പൂകി
താതൻ കിരണം—വാഴ്ത്തണമവനെ നാം ദേവാ,...

7 ഉയരേ ദൂതന്മാർ ഗീതം പാടി
അവതാരത്തിൽ—ധരയിൽ മാനവരും, ദേവാ,...

8 കന്യകമറിയാമിൽ നിന്നുരുവായവനീശോ,
സാക്ഷാൽ ദൈവം—മർത്ത്യനുമാകുന്ന ദേവാ ...

9 നിത്യതയിൽ താതനിൽ നിന്നുരുവായോൻ
കന്യകയീന്നും അവതാരം ചെയ്ത ദേവാ,...

10 മാനുഷ സുതനാകും—ഈശോനാഥൻ
സാക്ഷാൽ ദൈവം—തന്നുടെ സുതനത്രേ, ദേവാ...

11 ദാവീദിൻ പുത്രൻ മാർ യൗസേഫ്
സുതനായ് പോററി ഉന്നത ദൈവത്തെ, ദേവാ...

12 താരമുദിച്ചുന്നാൾ യൂദാ നാട്ടിൽ
നൃപരണഞ്ഞെത്തി—ശിരസ്സു നമിച്ചുന്നാൾ, ദേവാ,...

13 ഇടയന്മാരെത്തി ശിശുവെക്കാണാൻ
ബേത്‌ലഹേമിൽ—കാഴ്ചകളർപ്പിച്ചു, ദേവാ,...

14 കരുണ നിറഞ്ഞോനേ, മിശിഹാ.ദേവാ,
കൃപ ചെയ്യണമേ ശാന്തി പരത്തണമേ, ദേവാ...

15 നിൻ ജനനം ഘോഷിക്കുന്നൊരു കൂട്ടം
പ്രാർത്ഥിക്കുന്നു - ഐക്യം വർഷിക്കൂ, ദേവാ,...

16 കബറിലടഞ്ഞാലും പാടും ഞങ്ങൾ
ഈശോ നാഥൻ—ദൈവസുതൻ തന്നെ, ദേവാ,...



## 120-11 ദൈവികമാം ഈ ബലിയിൽ

രീതി: ''ഉത്ഥാനദിനേ മൃതരായോർക്കുയിരേകി
തേജോഗാത്രം നല്കും മ്ശിഹാസ്സത്യൻ.''

1 കാലത്തികവിൽ കന്യകയി—ന്നെത്തിയവൻ
ബേത്‌ലഹേമിൽ അവതാരം ചെയ്ത നരൻ
യോർദ്ദാനിൽ സാക്ഷ്യം നേടിയവൻ
യോഹന്നാൻ ഏററുപറഞ്ഞവനെ
ദൈവികമാം ഈ ബലിയിൽ നിൻ സ്തുതിപാ-ടുന്നടിയർ.

2 ഗോഗുൽത്തായിൽ ക്രൂശിതനേ, തിരുബലിയേ,
പാതാളേ പോയ് മാനവരെ വീണ്ടവനേ,
മരണത്തിൻ അധികാരം നീക്കി
ജീവവിരുന്നേകിയടിയാർക്കായ്
ദൈവികമാം ഈ ബലിയിൽ നിൻ സ്തുതിപാ-ടുന്നടിയർ

3 രക്തം മൂലം ശാന്തി ധരയ്ക്കേകിയവൻ
വീഴ്ചയിൽനിന്നും മാനവരെ വീണ്ടനരൻ
ഉന്നതനാം ആചാര്യൻ മിശിഹാ
പരിഹാരം നല്കും ബലി നീ താൻ
ദൈവികമാം ഈ ബലിയിൽ നിൻസ്തുതിപാ--ടുന്നടിയർ.

4 സംഭ്രമജനകം ഈ സമയം ഭീതികരം
അഗ്നിധരിപ്പോർ വിറകൊള്ളുന്നീനേരം
റൂഹായാവാസം ചെയ്യുന്ന
ദൂതന്മാരുവീക്ഷിക്കുന്നു
ദൈവികമാം ഈ ബലിയിൽ നിൻ സ്തുതിപാ-ടുന്നടിയർ.

5 ഉന്നതനാഥാ, എൻ പാപം ഓർക്കരുതേ
നിൻ ഇടവകയിൽ റൂഹായെ നല്കണമേ
രക്തത്താൽ നീ വാങ്ങിയിവരെ
കരുണയൊഴുക്കു നിൻ അവകാശേ
ദൈവികമാം ഈ ബലിയിൽ നിൻ സ്തുതിപാ--ടുന്നടിയർ.

6 ദൂതന്മാർ പേ—ടിക്കുന്നീപീഠത്തിൽ
എന്നെ നീ സ്ഥാ - പിച്ചു നിൻ കാരുണ്യാൽ

www.malankaralibrary.com



അപരാധം സർവ്വം മാച്ചണമെ
ഈ ബലി നീ കൃപയാൽ കൈക്കൊൾക
ദൈവികമാം ഈ ബലിയിൽ നിൻ സ്തുതിപാ—ടുന്നടിയർ.

7 ഈ ലോകത്തിൽ ശാന്തിയെ നീ വിതറണമെ
ഐക്യം നൽകു സഭയിൽ നാഥാ ദേവാ.
നരരിൽ നീ കൃപകൾ വർഷിക്കു
മൃതരെ നീ ഓർക്കണമീ നേരം
ദൈവികമാം ഈ ബലിയിൽ നിൻ സ്തുതിപാ--ടുന്നടിയർ.

8 ഈ ബലിമൂലം കുററങ്ങൾ മാച്ചണമെ
രോഗങ്ങൾ നീ മാററണമെ കാരുണ്യാൽ
വൈദികരെ പരിപാലിക്കണമെ
കാരുണ്യം വിതറണമെ ധരയിൽ
ദൈവികമാം ഈ ബലിയിൽ നിൻ സ്തുതി പാ-ടുന്നടിയർ.

## 121–12 നീ മണവാളൻ ദൈവസുതൻ

രീതി: "സ്തുത്യൻ പുനരുത്ഥാനത്തെ"
(ഗീതം 111. 2. പേ. 2 കാണുക)

1 മിശിഹായേ ഭുവനേശ്വരനേ,
ഭുവനങ്ങളെ നിർമ്മിച്ചോനേ,
മാനവരും മാലാഖകളും
പാരും വാനവുമൊന്നായി
ഘോഷിക്കുന്നു നിൻ സ്തുതികൾ;
ജീ- വനരുവ നീയല്ലോ
സൃഷ്ടിയെയെല്ലാം നീ
ജീവിപ്പിച്ചവതാരത്താൽ.
2 യോഹന്നാൻ സ്നാനം നല്കി
യോർദ്ദാനിൽ യൂദന്മാർ കൂടി;
മിശിഹായും സ്നാനത്തിന്നായ്
മടികൂടാതെയണഞ്ഞപ്പോൾ
യോഹന്നാനോതി വാക്യം:



"ഞാൻ നിന്നിൽ നിന്നതു പ്രാപി-
ക്കേണ്ടവനാണല്ലോ;
നീ മണവാളൻ ദൈവസുതൻ".
3 "പാതയൊരുക്കാനെത്തിയ ഞാൻ
അനുതാപികളെയൊരുക്കീടുന്നു
എൻ പിറകെ വരുവോനുടയോൻ
അവനാണുലകത്തിൻ ദീപം
അവനെന്നേക്കാൾ മുമ്പനുമാം
പാപികളെല്ലാം വന്നിടുവിൻ
സ്നാനം പ്രാപിപ്പിൻ
അവനായ് വാതിൽ തുറന്നിടുവിൻ".
4 യോർദ്ദാനിൽ സ്നാനം നല്കി
പാതയൊരുക്കി നിബി യൂഹാനോൻ;
ഉടയവനുയരത്തിൽ നിന്നു്
ഘോഷിച്ചുന്നതശബ്ദത്തിൽ:
"ഇവനാണെൻ വത്സലസുത
കേൾ-പ്പിനിവനെ; സംപ്രീതൻ
വത്സല നാമിവനിൽ;"
റൂഹായാവാസം ചെയ്തു.
5 മൂശാ നിബിയുടെ നാളുകളിൽ
മിസ്രേമിൽ നിന്നെത്തിയ കൂട്ടം
സ്നാനം പ്രാപിച്ചു കടലിൽ;
റൂഹാ സമമായ് മേഘത്തൂൺ
സംരക്ഷിച്ചവരെ ദൈവം
മ-ന്നാ ഭക്ഷിച്ചവരെല്ലാം
ജീവൻ പ്രാപിച്ചു;
സ്നാനത്തിൻ മുൻകുറി കാൺമിൻ.
6 ആദിയിലത്യുന്നത ദൈവം
പറുദീസായിൽ നദികളൊഴുക്കി;
ഇസ്രായേലിന്നായ് വഴിയിൽ
പാറപിളർന്നവനേകി ജലം;
സ്ലീബായിൽ തിരുമാർവീന്നും
മ്ശീ-ഹാ നല്കി ജീവജലം
ഭൂവാസികളിടയിൽ
ദാഹിപ്പവരാഗതരാകിൻ.

www.malankaralibrary.com



## 122–13 മന്നിലണഞ്ഞൊരു ദൈവസുതനായ്

രീതി: മന്നിലണഞ്ഞൊരു ദൈവസുതനായ്
സ്തുതികളണയ്ക്കുക നാം
പ്രിയരേ, സ്തുതികളണയ്ക്കുക നാം.

1 ബേത്‌ലഹേമിൽ കാലിക്കൂട്ടിൽ
കന്യകയിൽ നിന്നുരുവായി
ശിശുവായ് ജന്മമെടുത്തൊരു നാഥനെ
ആരാധിച്ചു വണങ്ങീടാം (2)
എല്ലാവരും: മന്നിലണഞ്ഞൊരു...

2 സ്നേഹം ജീവിത സാരാംശംതാൻ
മിശിഹാ നാഥനതിൽ സാക്ഷി
ഉന്നത ഗോപുരമുകളിൽ നിന്നവൻ
സ്നേഹത്താലൊരു ശിശുവായ്.(2)
എല്ലാ: മന്നിലണഞ്ഞൊരു...

3 യോർദാൻ നദിയിൽ യൂഹാനോനൊരു
സുവിശേഷത്തെ വിവരിച്ചു:
"എൻ പിറകേ വരുവോനുന്നതനാം
ദൈവത്തിൻ തിരുവചനമതാം."(2)
എല്ലാ: മന്നിലണഞ്ഞൊരു...

4 അനുതാപത്തിൻ പാതയൊരുക്കം
വെറുമൊരു ശബ്ദം യൂഹാനോൻ
നീരിൽ സ്നാനം പ്രാപിച്ചവനിൽ
അത്ഭുതമേറി യൂദജനം.(2)
എല്ലാ: മന്നിലണഞ്ഞൊരു...

5 വരുവോൻ നൽകും റൂഹായാലെ
സ്നാനം പ്രാപിപ്പിൻ നിങ്ങൾ
പതിരവനെറിയും കളകളെയെല്ലാം
ഘോരാഗ്നിയതിൽ ദൈവസുതൻ.(2)
എല്ലാ: മന്നിലണഞ്ഞൊരു...



6 അനുതാപത്തിൻ വഴിയേ പോയാൽ
അന്തിമദിവസം കരയേണ്ട
അത്യുന്നതനെ താണു വണങ്ങു
സോദരരെ സ്നേഹിച്ചീടു.(2)
എല്ലാ: മന്നിലണഞ്ഞൊരു...

7 പറുദീസായിൽ കനിതിന്നവനാം
മനുജകുലത്തിൻ തലവനെ നീ
കുരിശിൽ കയറി വിട്ടുവിച്ചവനെ
പറുദീസായിലുറപ്പിച്ചു.(2)
എല്ലാ: മന്നിലണഞ്ഞൊരു...

8 മർത്യരെ രക്ഷിപ്പാൻ ജീവൻ
കുരിശിലണച്ചൊരു ദൈവസുതൻ
മൂന്നാം നാളിൽ കബറിൽ നിന്നും
ജീവൻ പ്രാപിച്ചെഴുന്നേറ്റു.(2)
എല്ലാ: മന്നിലണഞ്ഞൊരു...

9 ആട്ടിൻ രക്തത്താലിസ്രായേല്യർ
സംഹാരകനിന്നൊഴിവായി
മിശിഹാ നാഥൻ തിരുരക്തത്താൽ
മർത്യകുലത്തെ രക്ഷിച്ചു (2)
എല്ലാ: മന്നിലണഞ്ഞൊരു...

10 പറുദീസായിൽ കനിനീട്ടി
വൃക്ഷം മർത്യനു മൃതിയേകി
ഗോഗുൽത്തായിൽ കൈനീട്ടി
വൃക്ഷം മർത്യനുയിർപ്പേകി.(2)
എല്ലാ: മന്നിലണഞ്ഞൊരു...

www.malankaralibrary.com



## 123–14 യൽദാഗീതം–1

രീതി: നരവംശ പ്രിയനേ, (ആണ്ടുകെ'സാ, 1969. p. 36)

1 ആദിമുതൽ വചനം ഘോഷിച്ചവരും
വചനത്തെ നയനാൽ ദർശിച്ചവരും
വചനത്തിൻ ശുശ്രൂഷകരായവരും
നൽകിയതാം സാക്ഷ്യം കേൾപ്പിൻ പ്രിയരേ.[1]

2 നീതി നിറഞ്ഞവരാം നരരിൽ നിന്നും
കാലാന്ത്യേ ഉരുവായ് നിബി യൂഹാനോൻ
പാത ഒരുക്കാനായ് ഏലിയാ പോൽ
നിബി എത്തി മുൻപേ യൂദാ നാട്ടിൽ.[2]

3 അഗ്നിമയൻ ദൂതൻ അഗ്നിരഥത്തിന്മേൽ
ഞൊടിയിടയിൽ വന്നു-ഗ്ലീലാ നാട്ടിൽ
അഗ്നിയെ ഭേദിച്ചു-നിശ്ചലമായ് ഭൂമി
മറിയാമിൻ സവിധേ- എത്തി ദൂതൻ[3]

4 നന്മ നിറഞ്ഞവളേ, കന്യേ, മറിയേ,
കർത്തൻ മേവുന്നു-നിന്നോടൊത്ത്
മേലുയരം മോദിക്കുന്നു- നിന്നിൽ
കൃപ നീ കണ്ടെത്തി-ഈശൻ സവിധേ.[4]

5 ഉദരേ നീ പേറും സുതനെ കന്യേ,
ഈശോ എന്നവനെ പേർ ചൊല്ലേണം.
ഉന്നത ദൈവത്തിൻ സുതനാം സിംഹം
അവതാരം ചെയ്യും നിന്നിൽ നിന്നും.[5]

---

1 ലൂക്കോസ് (ലൂ) 1.12
2 ലൂ. 1,6.17
3 ലൂ. 1,26
4 ലൂ. 1,28.30
5 ലൂ. 1,31.32



6 ദാവീദിൻ രാജ്യേ വാഴുന്നവനെ
പ്രസവിപ്പോൾ മറിയാം കൃപതന്നരവേ
കാലാന്ത്യം വരെയും ഭരണം ചെയ്യും
രാജ്യം സ്ഥാപിക്കും പ്രിയനാം പുത്രൻ.[6]

7 പാവനനാം റൂഹാ നിന്മേൽ മേവും
ദൈവത്തിൻ ശക്തി നിഴലിച്ചീടും.
നിന്നിൽ നിന്നുരുവാകുന്ന തനയൻ
ദൈവസുതൻ താനെന്നാർക്കും ജനത.[7]

8 കന്യകയാം മറിയാം ശോഭയെഴും രത്നം
വചനത്തെ പേറി ഉദരേ സ്നേഹാൽ
നിൻ വചനം നിത്യം നിറവേറട്ടെ
ഞാനെന്നും നിന്റേതല്ലോ നാഥാ.[8]

9 അവതാര സമയം വെളിവായ് തീർന്നു
ഉന്നതമാം ത്രിത്വരഹസ്യം ഭുവിൽ
പിതൃ പുത്ര പരിശുദ്ധാത്മാവാകും
ത്രീയേക ദൈവം വെളിവായ് തീർന്നു

10 പാവനനാം റൂഹാ പണിതു ഭവനം
താതനയച്ചുടനെ തിരുവചനത്തെ
വചനമിറങ്ങിമേവി കന്യകയിൽ
ജഡമേറ്റു നരനായ് ധരയിൽ കൃപയാൽ.

## 124–15 യൽദാ ഗീതം–2

രീതി: എന്മൊദ്കീസോ...

1 മൃതിയുടെ കോ—ട്ടകളിൽ നിന്നടിയാരെ
രക്ഷിപ്പാനായ്—ജാതം ചെയ്തോനേ, ദേവാ,
കൃപ ചെയ്യടിയാരിൽ.

---

6 ലൂ, 1, 32.33
7 ലൂ. 1, 35
8 ലൂ. 1, 38

www.malankaralibrary.com



2 തൻ ജനനോജ്ജ്വല ശോഭകളാ—ലെൻ
മണ്മയ ഹൃദയം—ശോഭിപ്പിച്ചോനേ, ദേവാ ...

3 തൻ ജനനോന്നതമാഹാത്മ്യത്താൽ
സ്തുതിയവനേകാൻ–അറിവുപകർന്നോനേ, ദേവാ...

4 ഇടയർ വിജ്ഞാനികളിവരോടൊപ്പം
സ്തുതിയവനേകാൻ—പ്രാപ്തിപകർന്നോനേ, ദേവാ,

5 സ്തുതിയുടെ ഉന്നത തിരമാലകളാലേ
പാടുന്നടിയാർ—വാനവനിരയൊപ്പം, ദേവാ,...

6 ഉയരാഴങ്ങൾക്കുടയവനവനെന്നും
അറിവവനെന്നും ചൊല്ലിത്തന്നോനേ, ദേവാ,...

7 പിതൃവലഭാഗം വെടിയാതവസാനം
കന്യകയീന്നും—നരനായ് തീർന്നോനേ, ദേവാ,...

8 സത്തയിൽ താതനു സമനാം പ്രിയപുത്രാ,
കന്യാസുതനേ, സ്തുതിയർപ്പിക്കുന്നു, ദേവാ,...

9 കരളുരുകി—കേഴുന്നടിയാരീ നേരം
കരുണാകരനേ. യാചന നല്കേണം, ദേവാ,...

10 പാവനമാം ഹൃദയം തരണം നീ,
മുഖശോഭയതും—വലഭാഗേസ്ഥാനം, ദേവാ,...

11 ജീവിതമെന്നും നിൻ ഭവനേമേവി
നിൻ സ്തുതി പാടാൻ വരമിവനേകേണം, ദേവാ,...

## 125-16 ശിശുവായ്തീർന്നവനേ

രീതി: പരിമള ധൂപചുരുൾ

ഉയരുന്നുഷസിങ്കൽ
മാലാഖകളുയരേസ്തുതി പാടീടുന്നു
പാവനരാചാര്യർ
പാപികൾക്കായി
പരിഹാരാർത്ഥമിതാ ധൂപമണയ്ക്കുന്നു
ഹാ–ഹാ–നാഥാ, യാചനകൾക്കുത്തരമരുളേണം,
(ചൊവ്വാ—പ്രഭാതം—ഒന്നാംകോലോ)



1 നല്ലവനാം നാഥാ,
നീതിനിറഞ്ഞവനേ,
നിന്നിൽ വയ്ക്കുന്നെന്നാശ്രയമഖിലം ഞാൻ;
വേദന കാണുമ്പോൾ
വേഗമകറ്റുന്നോൻ
അക്ഷയ ജീവനെനിക്കേകണമന്ത്യത്തിൽ
ഹാ–ഹാ–ലോക പരിത്രാണകനങ്ങത്രേ സത്യം.

2 അലറിയടിക്കുന്ന
തിരകൾക്കുള്ളിൽ ഞാൻ
പടവിൽ കയറിയിതാ യാനം ചെയ്യുന്നു;
ജീവനുറവിടമേ,
ഉത്തമമാലുമി നീ
കൂട്ടായ് മേവണമീയാത്രയിലീനേരം
ഹാ-ഹാ-ലോകപരിത്രാണകനങ്ങത്രേ സത്യം.

3 ജീവനെടുക്കാനായ്
ക്രൂരമൃഗങ്ങളിതാ
ചീറിയടുക്കുന്നു രക്ഷകനാം ദേവാ,
ഓടിയടുക്കണമെ
കോരിയെടുക്കണമെ
വലഭാഗം തരണം; നിൻ സ്തുതി പാടും ഞാൻ
ഹാ—ഹാ—ലോകപരിത്രാണകനങ്ങത്രേ സത്യം.

4 വേദനയാൽ കരയും
ജീവസമൂഹങ്ങൾ
നോക്കുന്നുടയവനേ, കാരുണ്യം നേടാൻ;
വാതിൽ തുറക്കണമെ
ദാനം ചിന്തണമെ
മോദം നല്കണമെ സൃഷ്ടിക്കെല്ലാം നീ
ഹാ-ഹാ-ലോകപരിത്രാണകനങ്ങത്രേ സത്യം.

5 ആമോദത്തോടെ
ധരയിലണഞ്ഞിടുവോർ
വേദനയാൽ കരയുന്നന്ത്യമടുക്കുമ്പോൾ;
താങ്ങണമവരെ നീ
വേദനമാറ്റണമെ

www.malankaralibrary.com



സൃഷ്ടിക്കടയവനാം ഉത്തമവൈദ്യാ നീ
ഹാ–ഹാ ലോകപരിത്രാണകനങ്ങത്രേ സത്യം.

6 പറുദീസാ പണിയാൻ
സുവിശേഷം പേറാൻ
ക്രൂശിതനെ കാട്ടാൻ ശാന്തിപരത്തീടാൻ
താതാ, നല്ലണമെ
വയൽ ജോലിക്കാരെ
കർഷകനെ നോക്കിക്കേഴുന്ന പാടം
ഹാ--ഹാ--ലോകപരിത്രാണകനങ്ങത്രേ സത്യം:

7 ശിശുവായ് തീർന്നവനേ,
മിശിഹാ രാജാവേ,
വാഴ്ത്തണമീനേരം ബാലഗണത്തെ നീ
ശക്തിപകർന്നിടണെ
ബുദ്ധിതെളിച്ചിടണെ
റൂഹായാം ദാനമയക്കണമെപ്പോഴും
ഹാ–ഹാ--ലോകപരിത്രാണകനങ്ങത്രേ സത്യം.

## 126–17 ശ്രേഷ്ഠം അഗ്രാഹ്യം ത്രിത്വം

രീതി: കദ്‌കാബെൽ ശെമഓൻബർ യൗനാൻ...
യൗനാൻ തൻ സുതനാകും ശെമഓൻ...
(വിവാഹ ശുശ്രൂഷ)

1 ഗോഗുൽത്താ–മലയിൽ നി–ന്നുളവായ്
ഭൂമി നിറഞ്ഞവളാം സഭയേ,
പാടുക നീ–മിശിഹാതൻ–ഗീതം
വാനഗണങ്ങളൊടൊന്നിച്ച്

നിബി മൂശാ സഭയെ കാട്ടി.
ദാവീദൊരു ഗീതം പാടി
ശ്ലേമോൻ വർണ്ണിച്ചു നന്നായ്
സൗന്ദര്യം നിറയും റാണീ,
നിൻമണവറയുയരേ–വാനിൽ.



2 മൂന്നാംനാൾ-ഉത്ഥിതനാം നാഥൻ
കാട്ടി തൻ മഹിമ നന്നായ്
ധര മുഴുവൻ നിറയും രാജ്ഞിക്കായ്
മണവറ ഞാൻ തീർക്കും മേലിൽ.

വചനം പേറിടുവിൻ നിങ്ങൾ
എൻ മൂതിയെ ഓർക്കിൻ നന്നായ്
നൽകിൻ റൂഹായിൻ ദാനം
ശുശ്രൂഷകരായ് തീരേണം
കാലാന്ത്യം വരെയെൻ ദാസർ.

3 റൂഹായിൻ ദാനം പ്രാപിച്ച
നിബിമാർ സ്നാനത്തെ കണ്ടു
ഹസ്ക്കിയേൽ നിബി ബാബേൽ നാട്ടിൽ
പ്രവചന മിഴിയാലോതിയിതം:

"ആലയമതിനുള്ളിൽ നിന്നും
തീരം തിങ്ങിയതാം തോയം
ഒഴുകുന്നെല്ലാ ഭാഗത്തും;"
മ്ശിഹാ സഭയിൽ സ്ഥാപിച്ച
സ്നാനത്തെയതു കാട്ടുന്നു.

4 നുപനോതി–വത്സലരോ–ദേവം
മൃതരെൻ ശബ്ദം കേട്ടീടും
ഈ ധരയിൽ പൊടിയായ് തീർന്നോരാം
മാനവരെഴുന്നേല്ക്കും നൂനം

എന്നിൽ സ്നാപിതരായോരും
രക്തം പാനം ചെയ്തോരും
എന്നിൽ നിദ്രിതരായോരും
വാനിൽ സ്ലീബാ കാണുമ്പോൾ
വലഭാഗത്തണയും വേഗം.

5 ആദിയിലാ–രാധ്യൻ നിർമ്മിച്ചു
ജീവികളെ നീരിൽ നിന്നും
അവയെല്ലാം മൂതിയിൻ കാൽകീഴിൽ
വീണൊരുപോലവസാനിച്ചു

www.malankaralibrary.com



കാലാന്ത്യേ മിശിഹായെത്തി
വാഴ്ത്തിനീരിനെയാമോദാൽ
നിബി കാട്ടിയ രൂപം പോലെ
സ്വർഗ്ഗീയം-ജീവൻ നൽ-കീടാൻ
നീരിനുമിശിഹായേകിബലം.

6 തരുനിരകൾ-ക്കിടയിൽ വച്ചാദാം
ശോഭയുരിഞ്ഞുകള-ഞ്ഞല്ലോ
ജ്ഞാനസ്നാ-നത്തിൻനീർ നല്കും
നവമാമൊരു ജന്മം വീണ്ടും
തിരികെ ലഭിക്കുന്നു ദാനം
ശോഭധരിക്കുന്നു മർത്ത്യർ
മർത്ത്യനെ മൂടുന്നു ദാനം
അഗ്നിക്കടമകളാകുന്നോർ
ക്കഗ്രാഹ്യമതേയീ രഹസ്യം.

8 ജീ-വന്നുറവയതാകുന്നു
ജ്ഞാനസ്നാനത്തിൻ ദാനം
മ്ശീഹാദാഹജലം നല്കും
ദാഹിക്കില്ലൊരു മർത്ത്യനും
താതനെഴുന്നള്ളു-ന്നവിടെ
റൂഹാ നല്കുന്നു ദാനം
സുതനെ ധരിക്കുന്നു നമ്മൾ
ശ്രേഷ്ഠം അഗ്രാഹ്യം ത്രിതം
എത്തുന്നു ഹൃദയേ സ്നാനാൽ.

---

## ഭാഗം 3-കന്യകമറിയം

### 127-18 കനിവുള്ളവളേ കന്യകയേ

രീതി: "സ്തുത്യൻ പുനരുത്ഥാനത്തെ"
(ശനി-പ്രഭാതം-രണ്ടാം-കോലോ-ഗുകളിൽ ഗീതം
111—2 പേജ് 2 കാണുക)

1 ഗുഹയിൽ മേവുന്നവനാരോ?
ക്രോബേർ പേറീടുന്നവനാരോ?
സ്തന്യം നുകരുന്നവനാരോ?
ജീവൻ നല്കുന്നവനാരോ?
ശിശുവായ് മേവുന്നവനാരോ?
ദൈവത്തിൻെറ സൂനുവവൻ
വാഴ്ത്താം ദൈവത്തെ
നരനായ് തീർന്നവനെത്തന്നെ.

2 മേല്യരേ നിന്നാഗതനാം
ദൂതൻ കന്യകയെ കീർത്തിച്ചു:
"നന്മനിറഞ്ഞവളേ, കന്യേ,
സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടോൾ
ദൈവം നിന്നോടുകൂടെന്നും
നിന്നിൽ നിന്നും ഉരുവാകും
അത്യുന്നത സൂനു
പരിപാവന റൂഹായാലെ."

3 "ഭാഗ്യം, മറിയാമേ, ഭാഗ്യം!"
ഭാഗ്യമുരയ്ക്കുന്നു തീക്കൂട്ടം:
"ജീവന്നുറവയൊഴുക്കിയ നീ
ജീവഫലത്തെ നല്കിയ നീ
പറുദീസായുടെ താക്കോൽ നീ."
യാചിക്കണമെ സുതനോടായ്
ബലഹീനർക്കായി
ധരയിൽ ശാന്തി ചൊരിഞ്ഞീടാൻ

www.malankaralibrary.com



4 മിശിഹാ രാജാവിൻ വരവിൽ
മോദമെഴുന്നൊരു വസനത്തിന്നായ്
നോക്കിപ്പാർക്കുന്ന ദാസർ
വലഭാഗം കൃപയാൽ നല്ല
[illegible] പ്രാപിച്ചോരുമകുടം
നല്കീടണമെ ദാസർക്കായ്
നിന്നിൽ ശരണിതരാം;
തുണയേകുന്നവനങ്ങത്രേ.

5 നൃപനാം മിശിഹായാഗതനായ്
ഭുവനങ്ങളെ വിധി ചെയ്യുമ്പോൾ
ദൂതർ കാഹളമൂതുമ്പോൾ
സകലവുമൊന്നായഴിയുമ്പോൾ
മൃതരുത്ഥിതരാകും നാളിൽ
മാതേ, സുതനോ-ടർത്ഥിക്ക
ബലഹീനർക്കായി,
ഇവർ വലഭാഗം പ്രാപിക്കാൻ.

6 കനിവുള്ളവളേ,—കന്യകയേ,
ധരയിൽ പാവനരായാരുള്ളൂ?
നീയും നിൻ സുതനും മാത്രം
പാപം തീണ്ടാത്തവരായി
ധരയിൽ മേവി മുടിചൂടി
പ്രാർത്ഥിക്കണമെ— അടിയാർക്കായ്
കാലാന്ത്യത്തിങ്കൽ
ഇവർ കാരുണ്യം പ്രാപിക്കാൻ.

7 വത്സലമാതാവേ. കന്യേ,
പ്രാർത്ഥിക്കണമെ ദാസന്മാർക്കായ്
വേദനയാൽ വലയുന്നടിയർ
രോഗത്താൽ പീഡിതരത്രേ
ദുഷ്ടനലട്ടുന്നെപ്പോഴും
ഓടിക്കണമെ ശത്രുവിനെ
ആശ്വാസം തരണം
ശാന്തി നിറഞ്ഞൊരു ജീവിതവും.



## 128-19 ജീവഫലംപേറും തരു

രീതി: സ്തുതി ദൈവത്തിന്നുയരത്തിൽ
തൻമാതാവിന്നുന്നതിയും
മഹിമാമുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാക.
(ശനി—സന്ധ്യ—രണ്ടാം കോലോ)

1 അഗ്നിരഥത്തിൽ ക്രോബേന്മാർ
പേറുന്നവനാം മിശിഹായെ
കന്യകപേറി നവമാസം
അത്ഭുതമത്രേ തൻ ജനനം.

2 ഭുവനങ്ങളെ നിർമ്മിച്ചോൻ
അത്യുന്നതനാം ദൈവസുതൻ
ശീലകളാൽ ചുററപ്പെട്ട്
ഗുഹയിൽ പുൽക്കൂട്ടിൽ മേവി.

3 "ഉയരേ ദൈവത്തിനു സ്തുതികൾ
ധരയിൽ മർത്ത്യർക്കാനന്ദം
ശാന്തി പരന്നൂ ധരയിലിതാ
പ്രത്യാശയുദിച്ചു പാരിൽ."

4 കന്യകമറിയാമിൻ ഓർമ്മ
ധൂപ സുഗന്ധത്തോട്ടുകൂടെ
ഘോഷിക്കുന്നെല്ലായിടവും
അവൾ പ്രാർത്ഥന കോട്ടയിവർക്കായ്

5 അത്യുന്നതനാം സർവ്വേശൻ
സുതനുടെ വാസസ്ഥലമായി
ആക്കി ദാവീദിൻ സുതയെ
അവൾ പ്രാർത്ഥന കോട്ടയിവർക്കായ്.

6 സർവ്വാലംകൃതയാം കന്യേ,
പരിപാവനയാം മാതാവേ,
സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടോൾ
നിൻ പ്രാർത്ഥന കോട്ടയിവർക്കായ്.

www.malankaralibrary.com



7 തലമുറ തലമുറയായ് മർത്ത്യർ
ചൊല്ലും 'കന്യക ഭാഗ്യവതി'
ജീവൻ ഭൂമിക്കേകിയവൾ
എന്നും സ്തുതികൾക്കർഹയഹോ.

8 "പ്രഭയിൽ നിന്നുള്ളൊരു പ്രഭയാം
കനിവുള്ളവനെ കുമ്പിടുവിൻ"
കന്യക ചൊല്ലുന്നെപ്പോഴും
അവളോടൊത്തുയരേ കേറാം.

9 ജീവഫലം പേറും തരുവാം
കന്യക മറിയാമിൽനിന്നും
പൊട്ടിമുളച്ചു ജീവഫലം
ഭക്ഷിച്ചാർക്കുന്നു ജനത.

10 കന്യകമറിയാമേ, നിന്റെ
പ്രാർത്ഥനയാലീ ധരമുഴുവൻ
ശാന്തി വസിക്കട്ടെന്നെന്നും
ദുഷ്ടതയോടി നശിക്കട്ടെ.

## 129-20 ദീപമേ, ദീപമേ

രീതി: വിമലേ, കന്യകയേ,
ദൈവസുതൻ തിരുമാതാവേ,
കാരുണ്യം ചെയ്യാൻ
സുതനോടർത്ഥിക്കിവർ പേക്കായ്
(തിങ്കൾ-സന്ധ്യ-ഒന്നാം കോലോ)

1 പുലർകാലേ ധരയിൽ
പ്രഭ ചൊരിയുന്നൂ ബാലാർക്കൻ
പ്രഭയെ നിർമ്മിച്ചോൻ
അത്യുന്നത ദൈവം സ്തുത്യൻ.

2 പുലർകാലേ സഭയിൽ
വാഴ്ത്താം പ്രഭയുടെ ദൈവത്തെ
ആരാധന നല്കാം
രവിയെ നിർമ്മിച്ചോരു നൃപനായ്.



3 ധരയെ കതിരുകളാൽ
ശോഭിപ്പിക്കുന്നു കതിരോൻ
സുതനാൽ രവിനാഥൻ
ലോകം മോദിപ്പിക്കുന്നു.

4 പുലർകാലേ സൂര്യൻ
കണ്ണു തുറക്കാനെത്തുന്നു
ഇരുൾ നീക്കുന്നവനാം
ലോകത്തിൻ പ്രഭയെ വാഴ്ത്താം.

5 ഇരുളിൽ വലയുന്നോൻ
കണ്ണു തുറക്കാനെത്തണമേ
ദീപത്തിൻ നാഥാ,
നീയാണുലകത്തിൻ ശോഭ.

6 വെളിവിൻ ഭവനത്തിൽ
മരുവുന്നുന്നതനാം നാഥൻ
ഒരു നാൾ സ്നേഹത്താൽ
ധരയിലെറിഞ്ഞു തീക്കുണ്ഡം.

7 ലോകത്തെ മുഴുവൻ
ശോഭിപ്പിക്കും ദൈവസുതൻ
അഗ്നിക്കുമ്പാരം
വന്നുവസിച്ചുദരേ മറിയാം.

8 ദീപം മറിയത്തെ
ശോഭ ധരിപ്പിച്ചെന്നേക്കും
മുടി ചൂടി ശിരസ്സിൽ
ശോഭ പരക്കുന്നവളിന്നും.

9 മറിയാമിൻ മനസ്സിൽ
നിർമ്മല ചിന്തകൾ തിങ്ങുന്നു
പുണ്യത്തിൻ ഭവനം
സൗന്ദര്യത്തിൻ കേദാരം.

10 പുറമേ കാണ്മതുപോൽ
കന്യക ശോഭിതയുള്ളതിലും
കറകൾ കൂടാതെ
കൃപയാൽ മേവിയവൾ ധരയിൽ.

www.malankaralibrary.com



11 അവളിന്നൊഴുകുന്നു
സൗന്ദര്യത്തിൻ ദീപനദി
അവളെ ശോഭിതയായ്
തീർത്തവനെന്നും സ്തുത്യർഹൻ.

12 മാതേ, മറിയാമേ,
അർത്ഥിക്കണമെ സുതനോടായ്
കൃപയെന്മേൽ വീഴാൻ
ഞാനും നിർമ്മലനായ് തീരാൻ

## 130-21 ഭാഗ്യം മറിയമേ!

രീതി: ദൈവാംബിക കന്യാ-മറിയാമിന്നായി
പരിമളധൂപത്താൽ--കീർത്തി ഭവിക്കട്ടെ.
(ബുധൻ—സന്ധ്യ—ഒന്നാം കോലോ)

1 വരുവിൻ സോദരരേ,
മറിയാമ്മിൻ ഓർമ്മ
സ്തുതികൾ പാടീടാം.
കാരുണ്യം തേടാം.

2 ഭാഗ്യം മറിയാമേ!
അത്ഭുതനെ പേറി
ലോകത്തിനു നൽകി
ബേത്‌ലഹേം ഗുഹയിൽ.

3 ഭൂവാസികളെല്ലാം
നിൻ സവിധേയെത്തി
നിൻ സ്തുതി പാടുന്നു
"മറിയാം ഭാഗ്യവതി"

4 രക്ഷസ്സുടയവനെ
പ്രസവിച്ചോൾ കന്യേ,
ശോഭയെഴും രത്നം
"മറിയാം ഭാഗ്യവതി."



5 ആദാമ്യർക്കായി
നിബിമാരുടെ നാഥേ,
നീ കാലാന്ത്യത്തിൽ
സ്വാതന്ത്ര്യം നല്കി.

6 നിന്നിൽ സംപ്രീതൻ
താതൻ സ്തുത്യനഹോ
നിൻ പ്രിയനാം സൂനു
വാഴ്ത്തപ്പെട്ടവനും.

7 നിന്നിൽ മേവിയവൻ
കിരണത്തോടമ്മേ
പ്രാർത്ഥിച്ചീടണമെ
കൃപയെന്മേൽ ചൊരിയാൻ.

8 വേദനയിൽ കരയും
നരരുടെ രോഗങ്ങൾ
നീക്കാനർത്ഥിക്ക
നിൻ പ്രിയ സുതനോടായ്.

9 സുതനെ കൈക്കൊണ്ട
വാങ്ങിപ്പോയവരെ
പറുദീസിൽ ചേർക്ക
പ്രിയയാം മാതാവേ.

10 നിൻ സ്തുതിപാടുന്ന
ഈ നിൻ ദാസർമേൽ
മേല്പുയരേ നിന്നും
കൃപവർഷിക്കണമെ.

11 രാജാവിൻ മാതേ,
രാജാവിൻ പുത്രീ,
ഞാൻ രാജ്യം പൂകാൻ
രാജനൊടർത്ഥിക്ക.

www.malankaralibrary.com



12 ദൃഢതയേകണമെ
കന്യകമൂലം നീ
ഇളകിമറിഞ്ഞൊരുവൻ
കടലാം ലോകത്തിൽ.
13 യുദ്ധമകററണമെ
ശാന്തിധരക്കേകു
മാതാവിന്നോർമ്മ
എന്നും കൊണ്ടാടാൻ.

## 131–22 മറിയം രണ്ടാം പറുദീസാ

രീതി: സവിധേ വന്നിപ്പോൾ
പിഴമോചനമർത്ഥിക്കുന്നേൻ
കാരുണ്യേശാ—നീ എന്റെ
ദോഷതങ്ങൾ പോക്കണമെ
പാപിയിവന്മേൽ കൃപയുണ്ടാകേണം"
(വ്യാഴം – പ്രഭാതം)

1 ദൈവാംബികമറിയാം
നന്മ നിറഞ്ഞൊരുറവയഹോ
നല്കുന്നു ദാനം ധരയിൽ
അവൾ സവിധേ അണയാം പ്രിയരേ,
കരുണ നിറഞ്ഞവനേ കാണാം
2 ദാവീ—ദിൻ നഗരേ—
ദാവീദിൻ സുത മരുവിയിതാ—
ഗുഹയിൽ കാലികൾ മദ്ധ്യത്തിൽ.
രാജാക്കളുമിടയന്മാരും
എത്തി നൃപനെ വന്ദിപ്പാൻ
3 പരിപാ—വനമറിയാം
നൃപനെ ലോകത്തിനു നല്കി
ദാരിദ്ര്യാലാ കൽഗുഹയിൽ.
അവനെ വന്ദിക്കുന്നു നൃപർ
ഗീതം പാടുന്നു ദൂതർ.



4 മറിയാമ്മിൻ ഓർമ്മ
വാനോർ ഭൗമികരൊത്തൊരുമി
ച്ചാഹ്ലാദിച്ചാർത്തിടുന്നു.
"നന്മനിറഞ്ഞവളേ, മാതേ,
സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടോൾ,"
5 കുറയാത്തൊരുറവേ,
പൂർണ്ണത തിങ്ങും പറുദീസാ
മാതേ, കന്യേ, മറിയാമേ,
ചൊരിയണമെ ദാനം സഭയിൽ
ധരയിൽ സ്നേഹം ചിന്തേണം.
6 ദൈവത്തിൻ സുതനെ
ധരയിൽ നല്കിയ ഭാഗ്യവതി
മറിയാം രണ്ടാം പറുദീസാ
നിബി വചനം നിറവേററിയ നീ
പാപികൾ പേക്കായർത്ഥിക്ക.
7 മാതേ മറിയാമേ,
നീ പേറി അത്ഭുതസുതനെ
ഉദരേ നവമാസം സ്നേഹാൽ;
ലോകം നിർമ്മിച്ചോരു നാഥൻ
എങ്ങനെ മേവി നിന്നുള്ളിൽ?
8 ലോകം പാലിപ്പോൻ
അത്യുന്നത ദൈവത്തിന്റെ
വത്സല സൂനുവാം മിശിഹാ
ശോഭ നിറഞ്ഞൊരു കിരണമവൻ
എങ്ങനെ മേവി നിന്നുള്ളിൽ?
9 ലോകത്തെ മുഴുവൻ
പരിപാലിക്കും മഹനീയൻ
മിശിഹാരാജാവാം സൂര്യൻ
അഗ്നിയിൽ നിന്നുള്ളഗ്നിയവൻ
എങ്ങനെ മേവി നിന്നുള്ളിൽ?

www.malankaralibrary.com



10 സ്വാതന്ത്ര്യം നൽകും
ഉന്നത നാഥൻ മിശിഹായെ
പേറി കന്യക ഉദരത്തിൽ
ഭാഗ്യവതീ, നിൻ തിരുനാമം
ഘോഷിക്കുന്നു ഭുവനം

11 ഭാഗ്യം! തേ ഭാഗ്യം!
കന്യകമറിയാമേ, മാതേ,
നീപേറി ഉ–ന്നത സ്വർഗ്ഗം
ഭുവനങ്ങളിലില്ലാരും
നിന്നോടുപമിപ്പാനായി.

12 മാതാവേ, കന്യേ,
സൗഭാഗ്യവതീ, മഹനീയേ,
കറതീണ്ടാത്ത രത്നം നീ,
കറകൾ തിങ്ങിയ ദാസർക്കായ്
നിൻ പ്രിയ സുതനോടർത്ഥിക്ക.

## 132–23

## രാജകുമാരീ, മാതാവേ സ്തുതിയങ്ങേയ്ക്കായ്

രീതി: നാഥാ, ദയമോച–നമിവകളിരന്നീടാൻ
(വ്യാഴം — സന്ധ്യ - രണ്ടാം കോലോ)

1 പരിപാവന മാതേ – മോദത്തിൻ പൂർണ്ണേ,
വാഴ്ത്തപ്പെട്ടവളേ, കന്യേ, സൗഭാഗ്യവതീ,
മുടിചൂടിയ റാണീ ഉന്നതയേ, നാഥേ,
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേയ്ക്കായ്.

2 പൂജിതയായവളേ, കൃപയുടെ പൂർണ്ണതയേ,
ദീപവിളക്കേ[1], മോഹനമാം വാതായനമേ[2],
ഉന്നത ജീവൻ തൻ ശ്രേഷ്ഠമതാം ശ്രേണീ,[3]
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേയ്ക്കായ്.

1 ദീപം വച്ചിരിക്കുന്നപീഠം
2 Gate of light: Ezek. 43, 1-4; 44. 1-2
3 Gen. 28. 12.



3 പരിപാവനമാകുന്നൊരു ദേവാലയമേ,[4]
പരിപാവനത്രിത്വം മേവും പറുദീസായേ,
അതിപരിശുദ്ധിയുടാലയമേ, എൻ മാതേ,
രാജകുമാരീ മാതാവേ, സ്തുതിയങ്ങേയ്ക്കായ്.

4 അത്യുന്നത താതന്നേററം പ്രിയപുത്രീ[5]
പ്രിയസുതനാകും മിശിഹായുടെ ഭൗമികവസതീ,
റൂഹായുടെ തണലേ,[6] ഭാഗ്യവതീ, തരുണീ,
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേയ്ക്കായ്.

5 സൃഷ്ടികളിൽ പ്രഥമേ, സഭയുടെ മാതൃകയേ,
ഭൂമിയിലവതാരം ചെയ്യൊരു രണ്ടാം സ്വർഗ്ഗം,
നിബിമാരുടെയാനന്ദം, പ്രിയയേ, തായേ,
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേയ്ക്കായ്.

6 നീ വഴിധരയിൽ ഞാൻ മേവും സ്വർഗ്ഗസമം
നിൻ നാമത്താൽ നിൻ സുതനുടെ സവിധേയണയും
അതിപാവനമാതേ, അഗതിയുടാശ്രയമേ,
രാജകുമാരീ മാതാവേ, സ്തുതിയങ്ങേയ്ക്കായ്.

7 പേടകമെന്നതു പോൽ[7] ദേവാലയമതിനുൾ
മേവിയതരുണീ, ഭാഗ്യവതീ, അതിപാവനയേ,
ദാവീദിൻ സുതയേ, കൃപയുടിരിപ്പിടമേ,
രാജകുമാരീ, മാതാവേ, സ്തുതിയങ്ങേയ്ക്കായ്.

8 ഹസ്കീയേൽ നിബിക-ണ്ടൊരു വാതായനമേ,
നിന്നെ വാഴ്ത്തുന്നു ദൂതൻ അഗ്നിധരിച്ചോൻ;
നീതിധരിച്ചവനാം സൂര്യൻ[8] വന്നതിലേ
അവനതിലേപോയ് പിന്നാരും പോയിട്ടില്ല.

4 cf. PG. 77, 1409.
5 Lk. 2:14
6 Lk. 1:35
7 John Damascene, PG, 96, 672. Andrew of Crete. PG. 97, 865. Proclus. PG. 65,753
8 Mal. 3, 20.

www.malankaralibrary.com


9 മോഹിച്ചു രാജൻ കന്യകയുടെ ശോഭ
മാടിവിളിച്ചവനവളെ തൻ സവിധെയിരുത്തി
നീയെൻ മണവാട്ടി ശോഭിതയാം രാജ്ഞി,
വാനഗണങ്ങൾക്കൊപ്പം നീ വാഴും നൂനം.[9]

## 133–24 സിംഹത്തെപ്പേറും

രീതി: വിമലേ, കന്യകയേ,
ദൈവസുതൻ തിരുമാതാവേ,
കാരുണ്യം ചെയ്യാൻ
സുതനോടർത്ഥിക്കിവർ പേർക്കായ്
(തിങ്കൾ–സന്ധ്യ–ഒന്നാം കോലോ)
(മുകളിൽ 129–20 പേ. 34 കാണുക)

1 മിശിഹാ ദൈവസുതൻ
ഉപമകളെല്ലാം നിറവേറ്റി
നിബിയർ മോദിച്ചു
ഭുവാനങ്ങൾ സ്തുതിപാടി.

2 അവതാരാൽ മിശിഹാ
മർത്യർക്കായ് ജീവൻ നല്കി
മരണം ഹതനായി
പറുദീസിൽ മോദിച്ചാദം

3 ഹവ്വായുടെ ശാപം
നീക്കി ദൈവസുതൻ മിശിഹാ
മർത്യർക്കുയിർ നല്കി
സ്തുതിതാതന്നർപ്പിച്ചു.

4 റൂഹാ നിർമ്മിച്ചു
കോട്ടയതിൽ അഭയം തേടാം
കൃപ തൻ നിക്ഷേപം
കന്യക മറിയാം ഭാഗ്യവതി

9 Ps. 45, 11-13, cf. *ECR*, 4, 1



5 ശാലീനത തിങ്ങും
കന്യക മറിയാം ഭാഗ്യവതി
പ്രാർത്ഥിക്കടിയാർക്കായ്
ദാനം ഞങ്ങൾ പ്രാപിപ്പാൻ.

6 നിന്നിൽ ശരണിതരായ്
സുതനോടർത്ഥിച്ചീടുമ്പോൾ
കേൾക്കെൻ മാതാവേ
യാചനകൾ സാധിക്കണമെ.

7 മറിയാം പറുദീസാ
ജീവൻ പകരുന്നവളവൾ.
വരുവിൻ സോദരരേ
കൃപയാൽ മോദിച്ചാർത്തീടാം.

8 മിശിഹായുടെ ജനനേ
ഭുവാനങ്ങളെയൊന്നുപോലെ
മറിയാം വിളംബം ചെയ്തു
ബേത്‌ലഹേം ഗുഹയതിനുള്ളിൽ.

9 സിംഹത്തെപ്പേറും
പെണ്ണാടിനെ ദർശിപ്പവനാർ
സിംഹത്തിനു സ്തന്യം
നല്കിയ കന്യകയാരാണോ?

10 അഗ്നികുണ്ഡത്തെ
ഉദരേ പേറിയതാരാണോ?
അഗ്നിജ്വാലയ്ക്കായ്
ഉമ്മ പകർന്നവളാരാണോ?

11 മറിയാമിന്നുദരം
ദൈവാലയമായ് തീർന്നോരുനാൾ
വിത്തൊന്നും കൂടാ —
ഉരുവായി സത്യം ധരയിൽ.

12 മറിയാമിന്നുദരേ
മേനി മെടഞ്ഞു റൂഹ്ക്കുദിശാ
വചനം ഉയരേന്നും
അവളിലിറങ്ങി വസിച്ചല്ലോ

www.malankaralibrary.com



13 ദൈവത്തിൻ കർമ്മം
എന്നും അത്ഭുതപൂർണ്ണമതാം
അതിനാഴം കണ്ടോർ
ഭുവാനങ്ങളിലാരുള്ളു!

14 പ്രിയതാതനിൽ നിന്നും
ഉദയം ചെയ്യവനാം കിരണം
കന്യാമറിയാമിൽ
കാണപ്പെട്ടു കാലാന്ത്യേ.

15 പ്രിയയേ, മാതാവേ,
സുതനോടർത്ഥിക്കെൻ പേക്കായ്
കാരുണ്യം സഭയിൽ
കാലാകാലം വർഷിക്കാൻ.

16 മോദിക്കട്ടെന്നും
ധരയും വാനവുമൊരുപോലെ
മറിയാമിന്നൊപ്പം;
യൂഹാനോനും മോദിച്ചു.

17 മറിയാം ഒരു വലിയ
പടവായ് തീർന്നു കാലാന്ത്യേ;
പാപം പേറുന്ന
മാലുമിയെപ്പേറി മറിയം.

18 ഉയരേ സ്വർഗ്ഗത്തിൽ
ക്രൂബേർ പേറുന്ന സുതനെ
അഗ്നിജ്വാലകളെ
ഭീതിവിഴുങ്ങുന്നെപ്പോഴും.

19 കിരണത്തിൻ സവിധേ
സ്തുതിപാഠകരായ് മരുവുന്നോർ
ധരയിൽ സേവകരായ്
എത്തി സുതനുടെ കല്പനയാൽ,



20 കാലാന്ത്യേ നാഥാ,
നീയാഗതനാകും നാളിൽ
തള്ളല്ലേയെന്നെ
കത്തുന്നഗ്നിക്കുണ്ഡത്തിൽ.

21 കൃപയാൽ വലഭാഗം
തരണം നാഥാ, ദാസർക്കായ്
നിന്നിൽ ശരണിതരായ്
പടവിൽ കയറുന്നടിയങ്ങൾ.

22 കടലിൽ താഴാതെ
നൗകയെ രക്ഷിച്ചീടേണം
ഓളങ്ങൾ നിന്റെ
തൃക്കര വേലയതാകുന്നു.

## 134-25 സ്വർണ്ണാലംകൃതമവൾ വസനം

രീതി: കബറിൽ പൂകിട്ടമതിവീരൻ തന്നധികാരം
ചെയ്യും വിസ്മയമാശ്ചര്യം കൂറും ഭൂതന്മാർ
ചേറും—ചിതറിയൊരസ്ഥികളും—നേടും തേജ—
സ്സാത്മാ— വൊട്ടുതനുവും നാശംകൂടാ—തെഴുന്നേല്ക്കും
(ശനി —പ്രഭാതം—ഒന്നാം കോലോ)

1 ദാവീ—ദിൻ സുതയാം കന്യാ—മറിയാമി—ന്നായ്
ഭാഗ്യം—നല്ലന്നെന്നും ജനകോടികളെല്ലാം
ശാപ—ത്തിന്നവകാശികളാം—നാരികൾ നിൻ—
സന്തതിയാൽ-വാഴ്ത്തപ്പെട്ടവരായ് തീർന്നു നിസ്തുല്യ.

2 സൃഷ്ടി-ക്കടയവനാം നാഥൻ—നിന്നിൽ നി—ന്നുരുവായി
ജഢമേറ്റു ശിശുവായ് ഗുഹയിൽ—നരനായി
ദയറാ - പള്ളികളിൽ മാതേ—തവനാമം
ശ്രേഷ്ഠമഹോ—പാടുന്നിക്കൂട്ടം സ്തുതികൾ—മോദമൊടെ.

3 കന്യാ—മറിയാമിൻ ഓർമ്മേ—ഭുവാനം—മോദിപ്പു—
പാടുന്നുന്നതമാം ഗീതം—അനുനിമിഷം
കൃപകൾ—നിറയുന്നരുവിയിതാ—ഒഴുകുന്നു—
ധരമുഴുവൻ—ഓടിയടുത്തിട്ടുവിൻ പ്രിയരേ, കൃപനേടാം.

www.malankaralibrary.com



4 സങ്കീ—ർത്തനമതിൽ നിബിദാവീ  ദോതിയിതം
"രാജസുത  സൗന്ദര്യം തിങ്ങും രത്നം — കീർത്തിപ്പിൻ;
സ്വർണ്ണാ  ലംകൃതമവൾ വസനം — സൗന്ദര്യം—ആന്തരികം—
കാഴ്ചകളും കൊണ്ടെത്തുമവൾ — നൃപനരികെ".

5 ശ്ലീഹാ—നോൻ മറിയാമിലെ—മംഗളനാ—ദം കേട്ട—
ഉദരത്തിൽ മോദിച്ചാർത്തു — സ്തുതിപാടി;
മറിയം—ധരമുഴുവൻ നിറയും  ദൈവത്തെ —
ഉദരത്തിൽ—നവമാസം പേറി പ്രിയരേ —വാഴ്ത്തുവളെ.

6 "കർത്തൻ—ദാസിയിവൾ ദൂതാ,—തവവചനം—പോലെന്നിൽ
ഉണ്ടായീടട്ടെ" നരുളീ—രാജസുത;
ഭൂവാ—നങ്ങൾക്കടയവനാം — ദൈവം ചെ—യ്യുന്നെല്ലാ—
അത്ഭുത കർമ്മങ്ങളുമിവിടെ — മർത്യർക്കായ്".

7 ദൈവാം—ബിക കന്യേമാതേ  പ്രാർത്ഥിക്ക —സുതനോടായ്
ധരമുഴുവൻ കൃപയാം പനിനീർ — വർഷിപ്പാൻ
ബലഹീ—നതയാൽ പാപത്തിൽ— വീണവരാം—
ഞങ്ങളെ —നാഥൻ കൈക്കൊള്ളാൻ പ്രാർത്ഥി—ച്ചീടണമേ.

---



## 135-26 ആബൂൻ മാർ ഈവാനിയോസ്

രീതി: പുലർകാലേ കണ്ടാർ ശിഷ്യർ
ആഴിപ്പുറമതിലൂടയവനെ
നിദ്രാരഹിതൻ ഉണവുള്ളോൻ
പടവിൽ ഉഷകാലമുറങ്ങി!
'പ്രതിഫലമേന്തിട്ടവാൻ വരുവിൻ'
എന്നരുളും താൻ പുലർകാലേ.
(വ്യാഴം—പ്രഭാതം  രണ്ടാം കോലോ)

1 മിശിഹാരാജാവേ, നാഥാ,
ദാസരെ ശോഭ ധരിപ്പിപ്പാൻ
അവരോടൊത്തങ്ങേ സവിധേ
അണയാൻ വരമേകണമേ നീ
മണവറയും മുടിയും തരണം
ശോഭനെഴുമൊരു രാജ്യമതും.

2 കർത്താവേ, മിശിഹാരാജാ,
കൈക്കൊള്ളണമെന്നെ കൃപയാൽ.
നിബിയർ ശ്ലീഹർ സഹദേന്മാർ
മല്പാ  ന്മാരാചാര്യന്മാർ
പ്രാർത്ഥിക്കുന്നടിയാൾക്കായി
അവരോടൊത്തിവരെ വാഴ്ത്തും.

3 വിജയം നല്കും സ്ലീബായിൽ
രാപകൽ പുകഴുന്നു ദാസർ
ദുഷ്ടനിൽ നിന്നതു കാക്കട്ടെ
ആരാ—ധകരാം കൂട്ടത്തെ
വലഭാഗം പ്രാപിക്കുമിവർ
സ്ലീബാസ്തുതിയോടണയുമ്പോൾ.

4 ആബൂൻ മാർ ഈവാനിയോസ്
അഭയം തേടുന്നങ്ങിൽ ഞാൻ
ശക്തിയയയ്ക്കാനുന്നതനോ—
ടഭ്യർത്ഥിക്കണമേ ശ്രേഷ്ഠാ,

www.malankaralibrary.com



മിശിഹാ ശോഭ നിനക്കേകി
ഓർക്കുക വഴിയാത്രക്കാരേ

5 വിജയകിരീടം പ്രാപിച്ച
ആബൂൻമാർ ഈവാനിയോസ്
വയലിൽ പണിചെയ്തന്ത്യത്തിൽ
സ്വർഗ്ഗീ — യോന്നത ഭാഗ്യങ്ങൾ
പ്രാപിച്ചു ക്ലേശങ്ങൾക്കായ്
പ്രാർത്ഥിക്കണമടിയാർക്കായ് നീ

6 പരിപാവനനാം പ്രിയതാതാ,
നേതാവായ് വാഴിവർ മദ്ധ്യേ
നിന്നിൽ മിശിഹാ സംപ്രീതൻ
നിൻ യാചന കേട്ടയിവർക്കായ്.
നിന്നോടൊത്തിവർ മോദിക്കും
ഭാഗ്യമെഴും ഭവനേ ഉയരേ

7 ഭാഗ്യം തേ! വത്സല താതാ,
ശൂന്യതയെ നീ ദ്വേഷിച്ചു
മിശിഹായെ നീ സ്നേഹിച്ചു
ധനവും സുഖവും വിട്ടോടി
രാജ്യം പൂകി ക്ലേശതയിൽ
മണവറയിൽ നീ ആഗതനായ്.

8 ഭാഗ്യം വത്സലനാം താതാ
പാപത്തെ നീ ദ്വേഷിച്ചു
പ്രാർത്ഥനയെ നീ സ്നേഹിച്ചു
വിശ്വാസത്തിലുറച്ചോടി
ശുദ്ധരെ നീ കൂട്ടായ് നേടി
നിൻ ശ്രുതി ശ്രേഷ്ഠമഹോ ധരയിൽ.

9 ഹാബേലിൻ കാഴ്ചകൾപോലെ
ദൈവം നിന്നെ കൈക്കൊണ്ടു
യൗസേപ്പിൻ ദൃഷ്ടാന്തംപോൽ
ഓടീ നീ പാപത്തീന്ന്
മിശിഹാനേടിയ പോൽമുടികൾ
നീയന്ത്യത്തിൽ പ്രാപിച്ചു.



10 കല്പനകാത്തവനാം പ്രിയനേ,
മിശിഹാ നിന്നെ മാനിച്ചു
ഉന്നത മണവറയും മുടിയും
നല്കി മേലുയരത്തിലവൻ
പ്രാർത്ഥിക്കണമടിയാർക്കായി
ഇവരുയരേ കേറീടാനായ്.

## 136–27 പുതിയൊരു സുദിനത്തിൽ നൃപനേ

രീതി: ആബൂൻദ്ബശ്മായൊ നീലാൻ...
സ്വർഗ്ഗത്തിൽ വാഴും താതാ....
(തിങ്കൾ —മൂന്നാം മണി)

1 കരുണക്കടലാമെൻ നാഥാ,–കാരുണ്യം ചിന്തു
കൃപയിവരിൽ വർഷിക്കണമെ-സ്വർഗ്ഗീയൻ ദേവാ,
യാചിക്കുന്നു — ദാസന്മാർ ഞങ്ങൾ
കേഴുന്നിപ്പോൾ–ദാനം നല്കേണം
പനിമഞ്ഞിവർ മേൽ ചൊരിയണമെ കാരുണ്യാബ്ധേ, നീ
നിൻ സവിധേയണയുന്നടിയാർ–നാൾതോറും നാഥാ–
ഹാ—ഹാ.

2 പറുദീസായെ നനച്ചവനേ,–സ്തുത്യർഹൻ നാഥാ,
ധരയിൽ പണിചെയ്യാനായ് നീ മർത്യനെ നിർമ്മിച്ചു
മർത്യനായ് നീ–സ്വർഗ്ഗത്തിൽ നിന്നും
ധരയിതിലേക്കായ്–വിട്ടു വചനത്തെ
താതനിൽ നിന്നുള്ളൊരു സുതനാം–കർത്താവാം ദൈവം
കന്യക വഴിയായ് ധരയെത്തി–കാരുണ്യം ചിന്തി
ഹാ—ഹാ.

3 മുക്കുവരാം പന്തിരുവരെ നീ–ശിഷ്യന്മാരാക്കി
അവരിൽ പണിതു തിരുസഭയെ–കാരുണ്യത്താലെ
സേവകരായി–ശ്രേഷ്ഠ നിബിമാർ
ദൂതന്മാരെത്തി–ശുശ്രൂഷകരായി
അവരുടെ വചനം പ്രിയനാഥാ,–എത്തുന്നെമ്പാടും
ജാതികളുടെ കൂട്ടം സഭയിൽ ഓടിയടുക്കുന്നു,
ഹാ—ഹാ.

www.malankaralibrary.com



4 ശെമഓൻ കീപ്പായോടായ് താൻ ചൊല്ലി ഒരു വാക്ക്
"നിൻമേൽ സഭയെ പണിയും ഞാൻ യോനായുടെ സുതാ,
സ്വർഗ്ഗീയ താക്കോൽ—നല്കും നിൻ കൈയിൽ
പാതാളം മേൽ പ്രാബല്യം നേടാ—
ധരയിൽ നീ കെട്ടുന്നവയെ കെട്ടും ഞാൻ മേലിൽ
ധരയിൽ നീ മാച്ചുന്നവയെ മാച്ചും ഞാൻ നന്നായ്"
ഹാ—ഹാ

5 ശ്ലീഹന്മാരാം ഉന്നതമാം—തൂണുകളിന്മീതെ
സഭയെ പണിതവനെ നാഥാ,—നീയേകൻ സ്തുത്യൻ
നിൻ ഗീതത്തെ—പാടുന്ന ഞങ്ങൾ
നിൻ കാരുണ്യം—കീർത്തിക്കുന്നിപ്പോൾ
കരയും കടലും പ്രിയനാഥാ,—വാഴ്ത്തുന്നു നിന്നെ
ജാതികളോടിയടുക്കുന്നു—യാക്കോബിൻ ഗേഹേ—
ഹാ—ഹാ.

6 കറ തീണ്ടാത്തവളെ വധുവായ്—തീർത്തവനേ, നാഥാ,
ജാതികളിൽനിന്നും കൂട്ടം എത്തുന്നരികത്തായ്
നാഥാ ദേവാ—കാരുണ്യം ചിന്തു
കൈക്കൊള്ളണമേ—കൈകൾ തൻ ദാനം
ഭാരതഭൂമിയിലുടനീളം—നിൻ കൊടി പാറട്ടെ
നിൻ സ്നേഹം പേറുന്നവരായ്—തീരണമെല്ലാരും
ഹാ—ഹാ.

7 ശെമഓൻ കീപ്പാ റോമായിൽ തൻ വലയെ വീശി
ക്രൂരതയേറും ചെന്നായെ—കുഞ്ഞാടായ് തീർത്തു
സാമ്രാജ്യത്തെ—നേടി നാഥന്നായ്
സ്നേഹം ചിന്തി—റോമാനഗരത്തിൽ
ശെമഓൻ രക്തം റോമായിൽ ചിന്തി നാഥന്നായ്
അവനെ കൈക്കൊണ്ടൊരു നാഥൻ വാഴ്ത്തി ശെമഓനെ,
ഹാ—ഹാ.

8 ജാതികളുടെ ശ്ലീഹാ പൗലോസ് സേവകനായ് തീർന്നു
ഊറിശ്ലേം മുതലുടനീളം ചിന്തി സദ്വാർത്ത
ജാതികളെ താൻ—നേടി നാഥന്നായ്
മത്സ്യം തിങ്ങും—തൻ വലയിൽ മോദാൽ



പൗലോസും മിശിഹാക്കായി നന്നായ് ജീവിച്ചു
തൻ ഗളരക്തമൊഴുക്കിയവൻ—വിശ്വാസം കാത്തു
ഹാ ഹാ

9 നമ്മുടെ താതൻ മാർതോമ്മാ നല്കി സദ്വാർത്ത
നമ്മുടെ ഭാരതഭൂമിക്കായ് കാരുണ്യം ചിന്തി
മർക്കോസ് "ശ്ലീഹാ' എത്തി മിസ്രേമിൽ
അന്ത്രയോസ് മക്കദോന്യായിൽ
യുഹാനോനെഫേസൂസിൽ നല്കി തൻ സാക്ഷ്യം
ഊറിശ്ലേമിൻ നേതാവായ് തീർന്നു മാർ യാക്കോബ്
ഹാ—ഹാ.

10 കാലാകാലങ്ങളിലീശോ,—നിൻ സ്തുതി പാടുന്നോർ
വർദ്ധിക്കുന്നീഭൂമിയിതിൽ—നീ മാത്രം വന്ദ്യൻ
നാഥാ ചിന്തു—നിൻ കാരുണ്യത്തെ
ദാഹം തിങ്ങും ഭാരതഭൂവിൽ
ഭാരതമൊരുനാൾ ഒരു നാവിൽ പാടും നിൻ ഗീതം
"കാരുണ്യാബ്ധി, മിശിഹായേ, നീയാണെൻ ദൈവം"
ഹാ—ഹാ.

11 ഐക്യത്തിൽ ദാതാവേ, നീ—ചിന്തണമേ ദാനം
ഐക്യം വിതാണമീധരയിൽ—ഈ കാലത്തെന്നും
നാഥാ, ദേവാ,—ശാന്തിനൽകേണം
ദുഷ്ടന്മാരെ—ദൂരെയകറ്റു
സഭകളെയൊന്നിപ്പിക്കേണം—നിൻ തിരുനാമത്തിൽ
സ്നേഹം ചിന്തണമെമ്പാടും—അത്യുന്നത നാഥാ,
ഹാ—ഹാ.

12 നാഥാ, ഞാനെല്ലാദിനവും—നിന്റേതാകുന്നു
പോകില്ലൊരു നാളും നാഥാ—നിന്നിൽ നിന്നെങ്ങും
കൈക്കൊൾകെന്നെ—കാരുണ്യം ചിന്തു
ശക്തിതരേണം—നിൻ ഗീതം പാടാൻ
ഉയരേ ഒരു ഗോപുരമതിന്മേൽ—നിർത്തണമെന്നെ നീ—
പാടും ഞാനെല്ലാദിനവും—നാഥാ, നിൻ ഗീതം.
ഹാ—ഹാ.

www.malankaralibrary.com


13 ദൂതിൻ വാഹകരെ ഭൂവിൽ നല്കേണം നാഥാ
തിരുസന്ദേശം പകരട്ടെ പാരിന്നിടമെല്ലാം
    നീയേകൻ താൻ അത്യുന്നത ദൈവം
    ത്രീയേകൻ നീ അത്യുന്നത സ്നേഹം
സ്നേഹത്തിൻ ഉറവിടമേ, നീ ചിന്തു നിൻ ദാനം
സ്നേഹത്തിൻ സാമ്രാജ്യത്തെ ഞാൻ നേടും നാഥാ,
    ഹാ—ഹാ

14 പടവിൽ നിദ്രിതനേ, നാഥാ, ദർശിക്കണമെന്നെ
കാരുണ്യം ചിന്തണമെന്മേൽ—കാഠിന്യം മാറ്റൂ
    നൽകു നേട്ടം—രാജാവാം ദേവാ
    നൽകു ഗീതം—പീഠം നീ നൽകു
ജാതികളുടെ മദ്ധ്യേ നിന്നെ കീർത്തിക്കും നാഥാ,
നിൻ തിരുവചനം പ്രിയനാഥാ,—ഘോഷിക്കും നിത്യം
    ഹാ – ഹാ.

15 പുതിയൊരു സുദിനത്തിൽ നൃപനേ, നിൻ ദാനം ചിന്തു
വാഴ്ത്തണമേയീക്കൂട്ടത്തെ നിൻ തൃക്കൈ നീട്ടി
    ചിറകിൻ കീഴിൽ – കാത്തിടണമിന്ന്
    പാതയിലെല്ലാം – കാരുണ്യം ചിന്തു
അനുനിമിഷം നീ കാക്കേണം—ഈ ജീവിതകാലം
ഇടറിപ്പോകാതെൻ നാഥാ—പാലിക്കണമെന്നെ.
    ഹാ—ഹാ.

---

ഭാഗം 5—രോഗത്തിൽ

## 137-28 അവനിൽവയ്ക്കാം നിമിഷങ്ങൾ

രീതി: "പുലർകാലേ കണ്ടാർ ശിഷ്യർ"
(വ്യാഴം പ്രഭാതം രണ്ടാം കോലോ
മ്പകളിൽ ഗീതം 135 6 പേജ് 47 കാണുക)

1 നിൻ കരവേലയതാമുലകിൽ
നിൻ കൃപയാലടിയാനെത്തി
    കരുണ നിറഞ്ഞവനേ, നാഥാ,
    കൈത—ന്നെന്നെ രക്ഷിക്കൂ
പീഡകളാൽ വലയുന്നടിയൻ
നിന്നിൽ ജീവൻ വയ്ക്കുന്നു.

2 ശെമഓനെ കടലിൽ നിന്നും
ദാനിയേലിനെ ഗുഹയിന്നും
    യൗനാനെ കടലിൽ നിന്നും
    രക്ഷി—ച്ചവനാം സർവ്വേശാ
കൈതന്നെന്നെ രക്ഷിക്കൂ
നിൻ സ്തുതി ഞാനെന്നും പാടും.

3 നിൻ പേർക്കെൻ ജീവൻ വയ്ക്കാൻ
വെമ്പുന്നെൻ കരുണാ നിധിയേ,
    നിന്നെയുലകിൽ കാട്ടിടുവാൻ
    ഉയരേ—നിന്നുമയയ്ക്കേണം
ഉന്നതമാകും വൻ ദാനം
ഞാനെന്നും നിന്റേതല്ലോ.

4 കുറവുകൾ നീക്കും സകലേശാ,
കുറവുകൾ തിങ്ങും പാപിയിവൻ
    അണയുന്നൂ തവ സവിധത്തിൽ
    ശ്രീഭണ്ഡാരത്തിൽ നിന്നും
കാരുണ്യം ചിന്തു കൃപയാൽ
നിൻ സ്തുതി ഞാനെന്നും പാടും

www.malankaralibrary.com



5 നരനാശ്രയമായീ ധരനിൽ
ഈശൻ മാത്രം വത്സലരേ
അവനൊരുനാളും വെടിയാത്ത
കനിവു—ള്ളവനത്രേ
അവനിൽ വയ്ക്കാം നിക്ഷേപങ്ങൾ
എല്ലാം മംഗളമായീടും.

## 138–29 കർത്താവാം സർവ്വേശാ

രീതി: കർത്താവാം സർവ്വേശാ
വ്രതമൊട്ടു നിന്നെ പ്രസവിച്ച
പാവനയാം ക–ന്യകയൊട്ടമായ്
സ്തുതി പാടാൻ വരമേ–കേണം".
(ബുധൻ—സന്ധ്യ—എനിയോനോ)

1 കർത്താവാം സർവ്വേശാ,
കന്യകയിൽ നിന്നുരുവായോൻ
യാഗമതായ് തീ—ർന്നൊരു ദേവാ,
കരുണാബ്ധേ, കറകൾ നീക്കു.

2 കർത്താവാം സർവ്വേശാ,
നിൻ യാഗം മമ പിഴ നീക്കി
രക്ഷയെനിക്കായ് നീയേകി
നിൻ ഗീതം ഞാൻ പാടീടും.

* * * *

3 കർത്താവാം സർവ്വേശാ,
മേലുയരേ വാസം ചെയ്യോൻ
താഴ്ചയിൽ നയനം പാലിപ്പോൻ
വാഴ്ത്തണമീയടിയാരെ നീ.

4 കർത്താവാം സർവ്വേശാ,
തവസവിധേ വിനയാന്വിതരായ്
ശിരസ്സു നമിക്കുന്നീദാസർ
വാഴ്ത്തണമീയടിയാരെ നീ.



5 കർത്താവാം സർവ്വേശാ
നിന്നെ താണു വണങ്ങുന്നേൻ
കൃപചൊരിയണമെ ഉയരേന്നും
വാഴ്ത്തണമീയടിയാരെ നീ.

6 കർത്താവാം സർവ്വേശാ,
സ്തുതിഘോഷമുയരുമിടമാം
മേലുയരത്തിൽ നിന്നീശാ
വാഴ്ത്തണമീയടിയാരെ നീ.

7 കർത്താവാം സർവ്വേശാ,
കാലാന്ത്യം വരെ നിൻ കരുണ
ചൊരിയണമീദാ—സന്മാർമേൽ
വാഴ്ത്തണമീയടിയാരെ നീ.

8 കർത്താവാം സർവ്വേശാ,
ശാശ്വതമാം നിൻ ദാനത്താൽ
ഹൃദയേ മോദം പകരണമെ
വാഴ്ത്തണമീ യടിയാരെ നീ.

9 കർത്താവാം സർവ്വേശാ,
കരുണ നിറഞ്ഞൊരു വലതുകരം
വയ്ക്കണമെ ദാ—സന്മാർ മേൽ
വാഴ്ത്തണമീയടിയാരെ നീ.

10 കർത്താവാം സർവ്വേശാ
നരരുടെ സങ്കേതം നീ താൻ
നിന്നെ നമിക്കു—ന്നീ ദാസർ
വാഴ്ത്തണമീയടിയാരെ നീ.

11 കർത്താവാം സർവേശാ
ശാന്തി നിറഞ്ഞന്ത്യം തരണം
റൂഹായാം ദാനം തരണം
വാഴ്ത്തണമീയടിയാരെ നീ.

www.malankaralibrary.com



12 കർത്താവാം സർവേശാ
ഭിന്നതയെല്ലാം നീക്കണമെ
ഐക്യം നൽകു നിൻ സഭയിൽ
വാഴ്ത്തണമീയടിയാരെ നീ.

13 കർത്താവാം സർവേശാ,
സത്യാരാധകനാക്കെന്നെ
ഓഹരി നൽകു മണവറയിൽ
വാഴ്ത്തണമീയടിയാരെ നീ.

14 കർത്താവാം സർവേശാ,
നിന്നെ നമിക്കും നിൻ സഭയിൽ
വർഷിക്കണമെ നിൻ കൃപകൾ
വാഴ്ത്തണമീയടിയാരെ നീ.

*　　*　　*　　*

15 കർത്താവാം സർവേശാ,
രോഗത്താൽ ഞാൻ വലയുന്നു
സൗഖ്യം നൽകു ദയവാനേ,
സത്യഭിഷഗ്വരനണ്ടല്ലോ.

16 കർത്താവാം സർവേശാ,
കഷ്ടതയിൽ വലയുന്നടിയൻ
കരുണനയ്ക്കു ഉയരേന്നും
സത്യഭിഷഗ്വരനണ്ടല്ലോ.

17 കർത്താവാം സർവ്വേശാ,
ദിനരാത്രങ്ങൾ തവസവിധേ
കണ്ണീർ ചിന്തിക്കരയുന്നേൻ
സത്യ ഭിഷഗ്വരനണ്ടല്ലോ.

18 കർത്താവാം സർവേശാ,
അസ്ഥികളിളകിത്തകരുന്നു
വേദന നീക്കു പനിനീരാൽ
സത്യഭിഷഗ്വരനണ്ടല്ലോ.

19 കർത്താവാം സർവേശാ,
പ്രാർത്ഥന കേൾക്കണമീ നിമിഷം
ചൊരിയു പനിനീർ ഉയരേന്നും
സത്യഭിഷഗ്വരനണ്ടല്ലോ,



20 കർത്താവാം സർവേശാ,
ദുഷ്ടനെയാട്ടിപ്പായിക്ക
സ്ലീബാ തണലിൽ മേവുമിവർ
സംരക്ഷണമേകും സ്ലീബാ.

21 കർത്താവാം സർവേശാ,
നിൻ സ്തുതി പാടുന്നിവരിൽ നിൻ
റൂഹായാം ദാനം ചൊരിക
വഴികാട്ടും റൂഹാ നാഥൻ

22 കർത്താവാം സർവേശാ
ഭുവാനം നിൻ സ്തുതി പാടും
സ്തുതികൾക്കർഹൻ നീ മാത്രം
നിൻ ഗീതം ഞാൻ പാടീടും.

*　　*　　*　　*

23 കർത്താവാം സർവേശാ,
സകല രഹസ്യവുമറിവോനേ,
ഹൃദയം കാണു—ന്നൊരു ദേവാ,
കരുണാമ്പേ, കറകൾ നീക്കു.

24 കർത്താവാം സർവ്വേശാ
തിന്മ നിറഞ്ഞെൻ ഹൃദയത്തിൽ
ദുഷ്ടതയാൽ ഞാൻ ബന്ധിതനായ്—കരുണാമ്പേ..

25 കർത്താവാം സർവേശാ,
നയനം പതറി നടക്കുന്നു
നിന്നെ വിട്ടു—പാപിയിവൻ—കരുണാമ്പേ...

26 കർത്താവാം സർവേശാ
നീയെന്നെ കഴുകി നന്നായ്
നിന്നെ വിട്ടു—പാപിയിവൻ—കരുണാമ്പേ,

27 കർത്താവാം സർവേശാ,
ഓടുന്നിവനകലേക്കായി
നിർജ്ജനദേശം—തേടിയിതാ-കരുണാമ്പേ,

28 കർത്താവാം സർവേശാ,
നീ മാത്രം മമ ഹൃദയേശൻ
നിന്നെ ഞാൻ സ്നേഹിക്കുന്നു—കരുണാമ്പേ...

www.malankaralibrary.com



29 കർത്താവാം സർവേശാ,
എന്നെ കൈ വിട്ടിടല്ലെ
ദുഷ്ടനെയാട്ടി—പ്പായിക്ക
കരുണാബ്ധേ കറകൾ നീക്കു

30 കർത്താവാം സർവേശാ,
ചിറകിൻ കീഴിൽ ചേർക്കന്നെ
റൂഹായാം ദാ—നം തരണം—കരുണാബ്ധേ...

31 കർത്താവാം സർവേശാ
ശാന്തതയേകു ഹൃദയത്തിൽ
സ്നേഹം വിതറു—എന്നുള്ളിൽ...—കരുണാബ്ധേ

32 കർത്താവാം സർവേശാ,
നിന്നെ ഞാൻ സ്നേഹിക്കുന്നു
മുഴുഹൃദയത്തോ—ടെൻ നാഥാ—കരുണാബ്ധേ

33 കർത്താവാം സർവേശാ,
വഴികാട്ടണമെ ജഗദീശാ,
പാതകളെ നീ—പാലിക്കു—കരുണാബ്ധേ...

34 കർത്താവാം സർവേശാ,
വാഴ്ത്തണമെൻ കൈകളെ നന്നായ്
നിന്നെക്കാട്ടാൻ കൃപ ചെയ്യു—കരുണാബ്ധേ...

35 കർത്താവാം സർവേശാ,
കണ്ണുകളെ നീ കാക്കണമെ
തിന്മകൾ കാണാതെപ്പോഴും—കരുണാബ്ധേ...

36 കർത്താവാം സർവേശാ,
നാവിനു ശക്തി പകർന്നീട്ട
നിൻ സ്തുതി പാടാൻ എന്നെന്നും—കരുണാബ്ധേ...

37 കർത്താവാം സർവേശാ,
നിൻ തിരു സ്ലീബായിൻ കീഴിൽ
വസിക്കന്നെന്നെ മുഴുവനുമായ്—കരുണാബ്ധേ...

38 കർത്താവാം സർവേശാ,
സ്ലീബായിൽ നിന്നൊഴുകുന്ന
ജീവജലത്താൽ ബഹുകൃപയാൽ—കരുണാബ്ധേ...



39 കർത്താവാം സർവേശാ,
സ്ലീബായിൻ ചിറകിൽ നിന്നും
പ്രവഹിക്കുന്ന ജ്വാലയതാൽ
കരുണാബ്ധേ കറകൾ നീക്കു

40 കർത്താവാം സർവേശാ.
നാവിനു ശക്തി പകർന്നീട്ട
ദേശങ്ങളിൽ നീ—ന്നെക്കാട്ടാൻ—കരുണാബ്ധേ...

41 കർത്താവാം സർവേശാ.
അർപ്പിക്കുന്നീ നിമിഷം ഞാൻ
തിരുബലിയോടൊ—ത്തെന്നെയിതാ—കരുണാബ്ധേ...

42 കർത്താവാം സർവേശാ
കൈക്കൊള്ളണമെൻ യാചനകൾ
തള്ളരുതെന്നെയൊരു നാളും—കരുണാബ്ധേ...

43 കർത്താവാം സർവേശാ
റൂഹായാം ദാനം തരണം
ഹൃദയേശാന്തി പകരണമെ—കരുണാബ്ധേ...

44 കർത്താവാം സർവേശാ,
ഒരുനാൾ നിൻ പേക്കായടിയൻ
ജീവൻ വയ്ക്കും ജഗദീശാ,—കരുണാബ്ധേ...

## 139-30 ദൂരെയകററുക സ്ലീബായാൽ

രീതി: ഇസ്രായേൽ പാളയമതിനുൾ
പിച്ചള സർപ്പമുയർന്നപ്പോൾ
ജീവൻ നല്കും സ്ലീബാതൻ
മുൻകുറിയും വാഗ്ദാനവുമായ്.
(വെള്ളി പ്രഭാതം—എനിയോനോ)

1 കരുണ നിറഞ്ഞവനാം നാഥാ,
ചേർക്കണമെന്നെ നിൻ—മാർവിൽ
കെണികൾ വയ്ക്കും ദുഷ്ടനെ നീ
ദൂരെയകററുക സ്ലീബായാൽ

www.malankaralibrary.com



2 നിൻ രക്തത്താൽ രക്ഷിതയാം
ധരയെ വാഴ്ത്തുക സ്ലീബായാൽ
ചൊരിയുക ശാന്തത ഉലകരെന്നും
കലഹം ദൂരെയകറ്റേണം.

3 രമ്യതയേകണമെ ധരയിൽ
വാഴ്ത്തണമെ നിൻ കൂട്ടത്തെ
നിൻ സ്തുതി എന്നും പാടീടുവാൻ
യോഗ്യതയടിയാർക്കേകേണം.

4 എന്നാലംബം നീയത്രേ
ദൃഷ്ടിപതിക്കണമെന്നിൽ നീ
രോഗികളെ ദർശിക്കണമെ
കൃപയാലെന്നെ നിറ—യ്ക്കണമെ.

5 കർത്താവിൻ ഉന്നതനാമം
കാരുണ്യത്തിൻ കേദാരം
ചിറകിൻ നിഴലിൽ ചേർക്കേണം
നിൻ സൃഷ്ടിയെ നീ തള്ളല്ലെ.

6 പ്രാർത്ഥന കേൾക്കണമെ നാഥാ,
കണ്ണീരൊപ്പണമീനേരം
നെടുവീർപ്പിട്ടു വിളിക്കുന്ന
സഭയിൽ ചിന്തണമെ ദാനം.

7 കർത്താവേ, നിൻ തിരുനാമം
ധരയെങ്ങും ഘോഷിച്ചീടാൻ
ആത്മശരീരബലത്താലെൻ
പാതയൊരുക്കണമെപ്പോഴും.

8 "കർത്താവേ നീ പരിശുദ്ധൻ
പരിശുദ്ധൻ നീ സംശുദ്ധൻ"
അട്ടഹസിക്കുന്നീക്കൂട്ടം
വാനഗണങ്ങളൊടൊന്നായി.

9 നിനുവാ നഗരത്തിൻ നാദം
കൃപയാൽ കേട്ടവനാം നാഥാ,
നിന്നാരാധകരെ കേൾക്ക
കാരുണ്യം വർഷിച്ചീടു.

---

## ഭാഗം 6—പരേതർ

## 140–31 അതിരാവിലെ

രീതി: അതിരാവിലെ തിരുസന്നിധി...

മരിച്ചാൽ പോലും കബറിൽനിന്നും ഉടിക്കും മമ ഹൃദയം
സ്തുതിക്കും നിന്നെ കബറിൽനിന്നും കരുണാകരനീശോ,
മരിക്കും വേളയതിലും തലകസ്തൂരികിൽ വേഗമണയും
കരുണാബ്ധിയാം മണവാളനെ സ്തുതിക്കാം അനുദിനമിഷ്ടം.

## 141–32

## ആ സുദിനം മോദകരം സുമവർഷം ധരയെങ്ങും

രീതി: ഉത്ഥാനദിനേ—മൃതരായോർ—ക്കുയിരേകി
തേജോഗാത്രം നല്കും മ്ശീഹാ സ്തുത്യൻ (ശവസംസ്കാരം)

1 കാരുണ്യാബ്ധീ,—മിശിഹായേ,—തുണചെയ്യു
നിൻ സന്നിധിയിൽ യാചിക്കു—ന്നീ ദാസർ
നീയാണെൻ മഹിമോന്നതദൈവം
നീയെന്നെ ശോഭ ധരിപ്പിപ്പോൻ
നല്കണമെ, നിൻ വലുതാം നൽവരമെൻ പേർക്കായ് നീ.

2 യാചിക്കുന്നോൻ—പ്രാപിക്കു—ന്നു കരുണ
ചോദിക്കുന്നോർ—ക്കുത്തരമ—ണ്ടേകുന്നു.
മുട്ടുന്നോ—രെത്തുന്നു മുറിയിൽ
ദുഃഖിതർ മോ—ദിക്കുന്നു നൃപനിൽ
കരുണാബ്ധേ, കൃപചൊരിക, മനുജകുലം മുഴുവനിലും.

3 ഏദൻ തോട്ടം നിർമ്മിച്ചോ—നാം താതാ,
നോഹയുമായി—നിയമം നീയുണ്ടാക്കി
ആമോദി—ച്ചബ്രാഹം നിന്നിൽ
യാക്കോബും മാഹാത്മ്യം കണ്ടു.
അബ്രഹാമിൻ തനയർ—വിളി ചെയ്യുന്നു നിന്നെ.

www.malankaralibrary.com



4 മി—സ്രേമിൽ നി— ന്നിസ്രായേ —ലിനെ വീണ്ടോൻ
കാ—നാൻ നാട്ടിൽ പുതിയൊരു ജീവൻ നല്കി
മരുഭൂവിൽ യാനം ചെയ്യുന്നോ —
രഗതികളാമിവരിൽ കൃപ ചെയ്തു
പുതിയൊരു ജീവൻ തരണം കൃപവർഷം ചൊരിഞ്ഞെന്നും.

5 ഭൂമദ്ധ്യത്തിൽ പറുദീസാ മോദകരം
ഏദൻ പോലെ നിൻ ദാനം കാനാനും
പറുദീസായിൽ മനുജൻ വാണു
കാനാനിൽ നിൻ ജനമിസ്രായേൽ
ഏദൻപോൽ ശോഭിക്കും തിരുസഭയീ ഭൂമധ്യേ.

6 സസ്യാദികളാ—ലേദൻ തോട്ടം ശ്രേഷ്ഠം
കാനാൻ നാട്ടിൽ നിബിമാരാം ശ്രേഷ്ഠന്മാർ
തിരുസഭയിൽ സസ്യാദികൾപോലെ
ശോഭയെഴും മർത്ത്യഗണങ്ങളിതാ
പാടുന്നു നിൻ സ്തുതികൾ സകലേശാ, നീ സ്തുത്യൻ.

7 കാനാൻ നാട്ടിൽ—ശ്ലേമോനുന്നതമാകും
ആലയമുണ്ടാക്കി നാഥാ, നിൻ പേർക്കായ്
കാലാന്ത്യ—ത്തിൽ മിശിഹാ നൃപനോ
നിർമ്മിച്ചാലയമീധരയെങ്ങും
മർത്ത്യർ ത്രി—തപം മേവും പാവനമാം ആലയമാം.

8 കാലാന്ത്യത്തിൽ—വാനത്തിൽ നിന്നെത്തും
കാഞ്ചനവസ്ത്രാലംകൃതയാം മണവാട്ടി
തോഴികളൊത്തവളാഗതയാകും
തോഴന്മാരൊത്താമണവാളൻ
ആ സുദിനം മോദകരം സുമവർഷം ധരയെങ്ങും.



# 142–33 താരമുദിച്ചു തൻ ഉദയത്തിൽ

രീതി: ദുഃഖാനദിനേ മൃതരായോർക്കായിരേകി (ശവസംസ്കാരം)

1 ആദം പിഴയാൽ എത്തിച്ചു മൃതിലോകേ
ഭൂലോകത്തിൽ വിതറിയാദം നാശം
അവനതിനാൽ വേദനയേററധികം
ധരയവനെ ദുഃഖിതനാക്കിയിതാ
ലോകത്തെ ആദിപിതാ മരണത്തിൽ എത്തിച്ചു.

2 കാലാന്ത്യത്തിൽ എത്തി മ്ശീഹാ ധരയിൽ
ഭൂലോകത്തിൽ നട്ടു ജീവൻവിത്ത്
അതുലോകേ നിറയുന്നത്ഭുതമായ്
ജാതികളോടുന്നതിനരികത്തായ്
അഖിലരെയും ജീവിപ്പി—ക്കുന്നവനാണീനാഥൻ.

3 പൂട്ടപ്പെട്ട പറുദീസായുടെ വാതിൽ
കാലാന്ത്യത്തിൽ മ്ശീഹാനാഥൻ നീക്കി
കള്ളനെയാദ്യം അതിൽ പുകിച്ചു
തന്നോടൊപ്പം മോദിച്ചവനും
കരുണാംബുധേ ചോരൻപോൽ കൈക്കൊണ്ടീടണമെന്നെ

4 മ്ശീഹാനാഥൻ പുതിയൊരു ലോകം പണിതു
പാടേനീക്കി പഴയതിനെതൻ മൃതിയാൽ
തൻകൊലയാൽ പെസഹായിൻ ബലിയും
തൻമൃതിയാൽ വേദനയുടെ ഉറവും
നീക്കിയവൻ മൂന്നാംനാൾ വിജയത്തിൻ നേതാവായ്".

5 കന്യക തന്റെ ഉദരേയാഗതനായോൻ
നീരിന്നുള്ളിൽ യൂർദാനിൽ മേവിയിതാ
കല്ലറയിൽ മൂന്നുദിനം മേവി
മൃതരെയാമോദിപ്പിച്ചപ്പോൾ
മൃതരും ജീവിപ്പവരും മോദിക്കുന്നൊരുപോലെ.

www.malankaralibrary.com



6 സ്വർഗ്ഗീയസുതൻ സൗഭാഗ്യത്തിൻ ഹേതു
കന്യാസുതനോ തീരാത്ത കലവറതാൻ
തൻ ഉദയം മോദത്തിൻ ഉറവ
തൻ ജനനം ആനന്ദത്തികവ്
സ്നാനത്തിൽ താൻ നീട്ടും ദാനം അത്ഭുതകരമാം.

7 ഭൂവാനങ്ങൾ പാടുന്നു തൻഗീതം
ഭൂസ്വർഗ്ഗങ്ങൾ ആനന്ദിക്കുന്നൊരുപോൽ
താരമുദി-ച്ചുതൻ ഉദയത്തിൽ
ദൂതന്മാർഗീതം പാടിയിതാ
ധരനിറയെ കുസുമങ്ങൾ മോദത്തിൻ കാലമിതാ.

8 തൻ ഉദയത്തിൽ ദൈവത്വം വെളിവായി
തൻ മരണത്തിൽ മനുഷ്യത്വം കാട്ടിയവൻ
ദൈവത്തോടൊപ്പം മേവുന്നോൻ
തൻ മൃതിയാൽ താരം മങ്ങിപ്പോയ്
ഉത്തമനാം മിശിഹാദൈ-വവുമതുപോൽ മർത്ത്യനുമാം.

9 ഓടിയടുക്കിൻ-മിശിഹാതൻ സവിധത്തിൽ
കാരുണ്യത്തി-ന്നായ് നിങ്ങൾ കേണിടുവിൻ
വിധിചെയ്യാനണയുതൊരു്നരനും
രഹസ്യങ്ങൾ നിറയും ദൈവസുതൻ
കൈനീട്ടി കാരുണ്യം പ്രാപിപ്പിൻ കൈനിറയെ.

10 എല്ലാനരരും ജനനത്താൽ ധരയെത്തും
മ്ശീഹാ നൃപനും കന്യകയിന്നിവിടെത്തി
മൃതിവഴിയേ സ്വർഗ്ഗേനാമണയൂ
ഉത്ഥാനം സ്വർഗ്ഗത്തിൻ വാതിൽ
ഇവരണ്ടും കൂടാതെ നരനെത്തില്ല, സ്വർഗ്ഗേ.

11 കാരുണ്യത്തിൻ കേദാരം മമ നാഥാ,
കാരുണ്യം നീ വർഷിക്കെൻ ഹൃദയത്തിൽ
നിന്നിൽ നി-ദ്രിതരാം ദാസന്മാർ
പുകട്ടെ നിൻ തിരുമണവറയിൽ
കരുണാപൂർണ്ണാ സ്വർഗ്ഗം നല്കണമെ ദാസർക്കായ്.



## 143-34 നാം വേദനയിൽ

രീതി: ഉത്ഥാനദിനേ മൃതരായോർക്കുയിരേകി

1 നാം വേദനയിൽ-കരയുന്നൂയീയുലകിൽ
ആശ്രയമേകാൻ ഒരുവൻ മാത്രം പ്രിയരേ,
അവനരികെ ഓടിയണഞ്ഞീടാം
തവപാദേ വീണു കരഞ്ഞീടാം
കരുണാബ്ധേ, മിശിഹായേ, കൃപ ചെയ്തീടണമെന്നിൽ.

2 ഓരോ നിമിഷം ഉയരുന്നു- ധരയിന്നും
വിങ്ങും ഹൃദയ-ത്തിൻ നാദം ഉയരേക്കായ്
നരരെല്ലാം നിന്നെ നോക്കുന്നു
നിൻ കൃപയിൽ ശരണം വയ്ക്കുന്നു
കരുണാബ്ധേ, മിശിഹായേ കൃപ ചെയ്തീടണമെന്നിൽ.

3 പാപികളാകും നരർ നാഥാ, പിഴചെയ്തു
വേദനകൾക്കായ് അവകാശം പ്രാപിച്ചു
പാപത്തിൻ പ്രതിഫലമാം ദുഃഖം
പേറി നരർ വേദനയേല്ക്കുന്നു.
കരുണാബ്ധേ, മിശിഹായേ, കൃപ ചെയ്തീടണമെന്നിൽ.

4 ഈ മരുഭൂവിൽ നരനെസ്നേ—ഹിപ്പവനായ്
നാഥാ, നീ മാത്രം ഞാൻ ചൊ-ല്ലീടുമതു്.
യാചനകൾ കേൾക്കൂ മിശിഹായേ,
വേദനകൾ നീക്കൂ ദൈവസുതാ,
കരുണാബ്ധേ, മിശിഹായേ, കൃപ ചെയ്തീടണമെന്നിൽ.

5 നിന്നെ നോക്കി കേഴുന്നോരെ കേൾക്ക
ആനന്ദം നീ പകരണമെ ഹൃദയത്തിൽ
യാചനകൾ കേൾക്കണമൻപോടെ
റൂഹായാം ദാനം ചിന്തേണം
കരുണാബ്ധേ, മിശിഹായേ, കൃപ ചെയ്തീടണമെന്നിൽ.

www.malankaralibrary.com



6 ദാനങ്ങൾ തൻ നിറകുടമാം ദൈവസുതാ,
വാ–രിച്ചൊരിയുന്നു നീ ദാനം ധരയിൽ
നിരവധിയാ—ചനകൾ പേറിയിതാ
നിൻ ദാസർ സവിധേയണയുന്നു.
കരുണാബ്ധേ, മിശിഹായേ, കൃപ ചെയ്തീടണമെന്നിൽ

7 അത്യുന്നതനേ, ദൈവസുതാ, മിശിഹായേ,
പാപം ചെയ്തോ–രീ നരരിൽ കൃപ ചെയ്ക.
ഇനിമേൽ ഞാൻ പാപം ചെയ്കില്ല
നിൻ വഴിയിൽ ഞാനെന്നും മേവും
കരുണാബ്ധേ, മിശിഹായേ കൃപ ചെയ്തീടണമെന്നിൽ.

8 അത്യുന്നതനേ, ഒരു നാളിൽ സോദരനെ
നിന്ദിച്ചു ഞാൻ; എൻ പിഴ നീ പോക്കണമെ.
ദുഃഖിതനെ ഞാനന്നോടിച്ചു
ക്ലേശിതനിൽ ഹൃദയമലിഞ്ഞില്ല
കരുണാബ്ധേ, മിശിഹായേ, കൃപ ചെയ്തീടണമെന്നിൽ.

9 അത്യുന്നതനേ, ഞാൻ സ്നേഹി–ക്കുന്നങ്ങേ
നിന്നെ പ്രതി ഞാൻ മർത്യരെയും സ്നേഹിക്കും
നരനായ് നീ ജീവൻ ഹോമിച്ചു
ഒരു ദിവസം ഞാനും ഹോമിക്കും.
കരുണാബ്ധേ, മിശിഹായേ, കൃപ ചെയ്തീടണമെന്നിൽ

10 എല്ലാം കാണു–ന്നോരു നാഥാ, മിശിഹായേ
എൻ ഹൃദയം ഞാൻ വയ്ക്കുന്നു– നിൻ പാദേ.
കൈക്കൊൾകെൻ നെടുവീർപ്പെൻ നാഥാ,
റൂഹായാം ദാനം ചിന്തെന്നിൽ.
കരുണാബ്ധേ, മിശിഹായേ, കൃപ ചെയ്തീടണമെന്നിൽ.

11 ദാവീദിൻെറ സുതനാമെൻ മിശിഹായേ,
രോഗത്തിൽ നീ വൻ താങ്ങായെത്തുന്നു
രോഗത്താൽ വലയുന്നവരാകും
സോദരരിൽ കൃപ വർഷിക്കണമെ.
ഉന്നതനാം നൽ വൈദ്യാ, രോഗങ്ങൾ സുഖമാക്കൂ.



12 മേല്യയരെന്നും വന്നവനേ, ദൈവസുതാ,
പാപിനിയിൽ നീ വർഷിച്ചു നിൻ കരുണ.
അവളെ നീ സ്നേഹിച്ചൻപോടെ
കറകൾ നീ കൃപയാൽ കഴുകിയിതാ
അവളിൽ നിൻ സ്നേഹത്തെ ചിന്തിയ നാഥാ സ്തോത്രം.

13 പാപത്തിൻെറ ചങ്ങലയാൽ ബന്ധിതരായ്
വേദനയേല്ക്കും നരരിൽ നീ കൃപ ചെയ്ക.
നരരെല്ലാം പാപികളാകുന്നു
നീ മാത്രം നന്മയ്ക്കുറവിടവും
കരുണാബ്ധേയെൻ നാഥാ പാപം നീ മായ്ച്ചീടൂ.

14 പാപിനിയെപ്പോൽ കരയുന്നായീ ദാസർ
മായ്ക്കണമെ നീ നരരുടെ പാപം കൃപയാൽ
രോഗത്തീന്നിവരെ രക്ഷിക്കൂ
തൈലം നീ ശിരസ്സിൽ പൂശണമെ
നിന്നിൽ വയ്ക്കുന്നിവരെ; കൃപയാൽ നീ തുണ ചെയ്ക.

15 നാഥാ ഞങ്ങൾ പാപത്തിൽ വീഴായ്വാൻ
തൃക്കൈ നീട്ടി കാക്കണമേയെപ്പോഴും
നിൻ വഴിയെ ഓടാനായടിയർ
വെമ്പുന്നെ–ല്ലായ്പ്പോഴും നാഥാ.
അതിനായ് നാഥാ, ഹൃദയം പിടയുന്നെല്ലാനിമിഷം.

16 ബേത്‌ലഹേമിൽ മൃതരായി പൈതങ്ങൾ
നാഥാ, നിൻ പേർക്കായ് രക്തം ചിന്തിയവർ
വേദനയേററീട്ടും പൈതങ്ങൾ
നോക്കുന്നു നിന്നെ കരുണാബ്ധേ,
അവരെ സ്നേഹിപ്പവനേ, കൃപ ചെയ്കു അടിയാരിൽ.

17 എല്ലായ്പ്പോഴും കൃപ ചെയ്യും കരുണാബ്ധേ,
എത്തീടണമീ നാഴികയിൽ മമ സവിധേ.
യാചനകേ–ട്ടുത്തരമരുളണമെ
രോഗങ്ങൾ നീക്കണമതിവേഗം
നീയല്ലാതീയുലകിൽ തുണചെയ്യാനില്ലാരും.

www.malankaralibrary.com



18 സ്ലീബാ മുകളിൽ വേദന നീയേററധികം
നിൻ യാഗത്തോ–ടൊന്നായ് ഞാൻ ഈ നിമിഷം
അർപ്പിക്ക–ന്നു വേദനയെല്ലാം
മണ്ണിൽ നിന്നുയരും നെടുവീർപ്പും
സഹദേർ തൻ ബലിപോലെ കൈക്കൊൾകീ കണ്ണീർ നീ.

19 ഈ മരുഭൂവിൽ–കണ്ണീർ മാത്രം നാഥാ,
ഈ ദാസർക്കായ് കൈമുതലാ യുള്ളീശോ
കല്ലറയിൽ കണ്ണീർ വാർത്തവനേ,
ലാസറിനെ സ്നേഹിച്ചോരു ദേവാ,
കണ്ണീരൊപ്പാനെത്തു–മോദം നല്കീടണമെ.

20 നിൻ തിരുമാർവ്വിൽ ചാരുന്നു ഞാനെന്നും
എൻ പാപം ഞാൻ കണ്ണീരാൽ കഴുകീട്ടും.
തിരുമാർവ്വിൽ ചേർക്കു കരുണാബ്ധേ,
റൂഹായാം ദാനം ചിന്തണമെ.
നിൻ സ്ലീബാ ചുംബിക്ക–ന്നിവരെ നീ കൈക്കൊൾക.

21 നിന്നെപ്രതിയീ–ലോകത്തിൽ ജീവിക്കും
ദാസന്മാരെ കൃപയാൽ തൃക്കൺ പാർക്ക
നിൻ കൃപ നീ ചിന്തണമടിയാരിൽ
സ്ലീബാ പേ–റാൻ കൃപ നല്കേണം
ക്ലേശകരം മരുഭൂവിൽ തള്ളരുതേ ജഗദീശാ.

22 നിൻ സ്നേഹത്താൽ–ഭവനമുപേ–ക്ഷിച്ചവരെ
കൈക്കൊള്ളണമെ–കാരുണ്യം ചിന്തണമെ.
പാദത്തി–ന്നേകണമെ ശക്തി
നാവിൽ നിൻ വചനം നല്കേണം.
നിന്നെ കാട്ടീടുന്ന ദാസരെ നീ കൈക്കൊൾക.

23 നിൻ പേർക്കായി ജീവിതമർപ്പിച്ചവരാം
സോദരിമാരെ വാഴ്ത്തു നാഥാ, കൃപയാൽ
ലോകത്തിൻ ക്ലേശം പേറീടാൻ
ലോകത്തിൻ ദീപമതായ് മേവാൻ
തുണയേകു ജഗദീശാ, വാഴ്ത്തണമേയവരെ നീ.



24 എല്ലാപ്പോഴും നിന്നെ നോ–ക്കിക്കേഴും
ദാസന്മാർമേൽ ദൃഷ്ടിതിരിക്കു നാഥാ
അവരുടെയർത്ഥനയും പേറിയിതാ
എത്തുന്നു ഞാൻ നിൻ ബലിപീഠേ.
ആയിരമായ് എത്തുന്നു; നിൻ സവിധേ; കൃപ ചെയ്യു

25 ഈ ധരയിൽ നി–ന്നുയരുന്ന വേദനകൾ
ഒന്നിച്ചിപ്പോൾ അർപ്പിക്കുന്നു നാഥാ
കണ്ണീരും വേദനയും നാഥാ
നെടുവീർപ്പും രോഗങ്ങളുമതുപോൽ
തിരുസവിധേയർപ്പിക്ക–ന്നേൻ നാഥാ കൈക്കൊൾക.

26 ഈ ധരയിൽ നി–ന്നുയരുന്ന വിങ്ങലുകൾ
ഒന്നിച്ചിപ്പോൾ അർപ്പിക്കുന്നു നാഥാ.
കണ്ണീരും വേദനയും നാഥാ
നെടുവീർപ്പും രോഗങ്ങളുമതുപോൽ
തിരുസവിധേയർപ്പിക്ക–ന്നേൻ നാഥാ കൈക്കൊൾക.

27 കാരുണ്യാബ്ധേ, നരനെ സ്നേഹിപ്പവനേ,
നോക്കണമെ നീ കാരുണ്യാൽ നിൻ സുതരെ
നിന്നെ സ്നേഹിപ്പാനായ് ദാസർ
അതിയായധ്വാനിക്കുന്നുലകിൽ
അവരെ നീ വാഴ്ത്തണമെ; കൃപചെയ്യീ തലമുറയിൽ.

28 നാഥാ, ദേവാ, വാഴ്ത്തണമെയടിയാരെ.
നിൻ സന്നിധിയിൽ വലിയവരായ് തീർത്തീടു
പൈതങ്ങൾ നോക്കുന്നു നിന്നെ
വാഴ്ത്തു നിൻ തൃക്കൈയാലവരെ
തലമുറതോ–റും നീ നിൻ കാരുണ്യം കാട്ടീടു.

29 വ–ഞ്ചനയില്ലാത്തവരാകും കുഞ്ഞുങ്ങൾ
നോ–ക്കുന്നീശോ; കൃപചൊരിയൂ അവരിൽ നീ.
റൂഹായാം ദാനം ചിന്തണമെ
വൻ വിജയം ധരയിൽ നല്കണമെ
പുതിയൊരു ലോകം പണിയാൻ കരുവാക്കു നീയവരെ.

www.malankaralibrary.com



30 നാഥാ നിൻ പേ-ക്കണയുന്നാ ദാസരെ നീ
കാരുണ്യത്താൽ തൃക്കൺ പാർക്കണമിപ്പോൾ.
വയലുകളിൽ പണിചെയ്യാനായി
ദാസരെ നീ വേഗമയയ്ക്കണമെ
നിൻ കൃപയാൽ ദാസർക്കായ് ശക്തിതരൂ ഉയരേന്നും.

31 വാർദ്ധക്യത്തിൽ-ഗതിയില്ലാതുഴലുന്നോർ
രോഗത്താലെ പീഡനമേല്ക്കുന്നവരും
നോക്കുന്നു കരുണാബ്ധേ നിന്നെ
കൃപയാൽ നീ പകരണമാശ്വാസം
അഖിലർക്കും തുണയായ് നീ ഒരുവൻ മാത്രം ധരയിൽ.

32 രോഗത്തിൽ പെ-ട്ടുഴലുന്നോരുടെ പക്കൽ
തൈലവുമേന്തി എത്തുന്നോൻ നൽ വൈദ്യാ,
ശിരസ്സുകൾ കാവൽ നിൽപ്പവനേ
ഹൃദയത്തിൽ ശാന്തത പകരുന്നോൻ,
നരരെല്ലാം ഒരുപോലെ നിന്നെ നോക്കുന്നീശോ.

33 ഓരോ നരനും നല്ലവനായ് ജീവിപ്പാൻ
അദ്ധ്വാനിപ്പൂ ഈ ധരയിൽ പ്രിയനാഥാ
ജഡമവരെ വഴി തെറ്റിക്കുന്നു
വലകളിലാ-ക്കുന്നു വഞ്ചകരും
നിൻ പ്രിയരാം നരരിൽ നീ കൃപ ചെയ്യൂ ഈ നിമിഷം.

34 നീ മനസ്സായാൽ-ഞാൻ പരിപാവനനാകും
നാഥാ, ദേവാ നീ ദൈവ-ത്തിൻ പുത്രൻ.
നിന്നിൽ ഞാൻ വയ്ക്കുന്നെൻ ശരണം
ഈസോപ്പായാൽ നന്നായ് കഴുകേണം
കരുണാബ്ധേ, രോഗത്തിൽനിന്നും നീ രക്ഷിക്ക.

35 ജീവൻ പകരും തൃക്കൈ വയ്ക്കടിയാർമേൽ
'ഞാൻ മനസ്സാക'-ന്നെന്നരുൾചെയ്യണമിപ്പോൾ
നിൻ വചനം പൂർണ്ണതയേകുന്നു
ഹൃദയത്തിൽ ശാന്തത പകരുന്നു
നിൻ ഭവനേ മരുവീടാൻ കൃപയെന്നും നല്കണമെ.



36 അത്യുന്നതനാം ദൈവസുതാ, മിശിഹായേ,
ശക്തിയെഴുന്ന വാക്കരുൾചെയ്തീടണമെ.
നിൻ സവിധേയെത്തിയ നരനെപ്പോൽ
നിന്നിൽ ഞാൻ ശരണം വയ്ക്കുന്നു.
ഭുവനം നിർമ്മിച്ചോൻ-സകലേശൻ നീയത്രേ.

37 പത്രോസിന്റെ ഭവനത്തിൽ കൃപചെയ്തു
കാരുണ്യാബ്ധേ, മിശിഹായേ, കൃപചെയ്യൂ.
രോഗികളിൽ കൃപ നീ ചൊരിയണമെ
ആശ്വാസം പകരണമേയിപ്പോൾ
നിൻ നാമത്തിൽ ഞങ്ങൾ യാചിക്കു-ന്നീ നിമിഷം.

38 നിൻ വചനത്താൽ രോഗം നീങ്ങിപ്പോയി
കാരുണ്യം നീ ധരയിൽ നന്നായ് വിതറി.
ഈ നിമിഷം കൃപചെയ്യണമെന്നിൽ
രോഗത്തിൽനിന്നും മോചിക്കു.
ദുഷ്ടനെയാട്ടിപ്പായ്ക്കൂ, റൂഹായാം കൃപചൊരിയൂ.

39 ഓരോ നിമിഷം വഴികാട്ടു മണവാളാ,
നിൻ മണവറയിൽ ചേർക്കണമെ കാലാന്ത്യേ.
മൃതരെ നീ എഴുന്നേല്പിക്കണമെ
പുതിയൊരു വസ്ത്രം നീ നല്കണമെ.
നിൻ വലഭാ-ഗത്തായ് മോ-ദിച്ചീടാൻ കൃപചെയ്യൂ.

www.malankaralibrary.com



## 144–35 പരേതർ

രീതി: ആറാം ദിവസമതിൽ
ആദിയിലാദാമെ പൂഴിയിൽ നിന്നമന
ഞ്ഞവനാത്മാവേകി
വാചാലതനല്കി സ്രഷ്ടാവിനെയേവം
ഹാ–ഹാ–സ്തോത്രം പാടിടാൻ.

(വെള്ളി—സന്ധ്യ—രണ്ടാം കോലോ)

1 മൃതിരഹിതൻ മിശിഹാ,
ഉയിരും ജീവനുമങ്ങാണെ—ന്നാക്കുന്നേൻ
മൃതരുടെ ശരണം നീ,
ജീവൻ നല്കണമെ വരവിൽ കാലാന്ത്യേ
ഹാ-ഹാ-വലുതാം മണവറയും.

2 മിശിഹാ രാജാവേ,
ജീവൻ നല്കണമേയെല്ലാ–മർത്യർക്കും
നിൻ രണ്ടാം വരവിൽ
ഉയരേ തിരുസ്ലീബാ എത്തുന്നൊരു നേരം
ഹാ–ഹാ-മോദം പകരണമെ.

3 നിൻ തിരു സുവിശേഷേ
ലിഖിതം വചനത്തെ ഓർക്കു–മിശിഹായേ,
മൃതരെ ഉയിർപ്പിക്ക
എൻ നിണമെയ് ഭക്ഷിച്ചവരെ തള്ളില്ലേൻ
ഹാ– ഹാ—രക്ഷി—ച്ചിടും ഞാൻ.

4 കരുണാവാരിധിയേ,
ഉന്നതനാം മിശിഹാരാജാ,—മൃതിരഹിതൻ
നിൻ സ്തുതി പാടുന്നേൻ
നരരുടെ ജീവൻ നിൻ കല്പനയാൽത്തന്നെ
ഹാ—ഹാ—നിലനിൽക്കുന്നെന്നും.



5 കാഹളനാദത്തിൻ
നാളിൽ കരുണാബ്ധേ, കൃപചെയ്—ദാസർമേൽ
വലഭാഗം തരണം;
ബലഹീനതയാൽ ഞാൻ വഴിവിട്ടോടിപ്പോയ്
ഹാ—ഹാ— വഴികാട്ടുക നാഥാ.

6 കരുണക്കടലാകും
മിശിഹായേ നാഥാ, കൃപചെയ് ദാസർമേൽ
നവജീവൻ തരണം
പൊടിയിൽ ചിതറിയതാം മേനിക്കേകണമെ
ഹാ—ഹാ—നവമാമൊരു ഭവനം

7 വന്ദിക്കുന്നേൻ ഞാൻ
ജയമകുടം ചൂടിയ സ്ലീബാ—യാം കൊടിയെ
തള്ളരുതേയെന്നെ
നിന്നെ ലോകത്തിൽ കാട്ടാനോടിയിവൻ
ഹാ—ഹാ—രക്ഷിക്കണമെന്നെ.

8 സ്തുതിയുടെ പിറകേ നാം
ഓടരുതൊരുനാളും രക്ഷി—ക്കില്ലാരും
നശ്വരമാം നേട്ടം
വിധിയുടെ ദിവസത്തെ ഓർക്കേൻ വത്സലരേ,
ഹാ—ഹാ—വിധിയാളനെ ഓർക്ക.

9 പൊടിയും ചാരവുമായ്
മാറുന്നവയാകും നേട്ടം തേടരുതേ
രക്ഷിക്കില്ലാരും
പൊടിയിന്നുയിർനല്കും നാഥനെയെപ്പോഴും
ഹാ—ഹാ—ആരാധിച്ചിടാം.

10 നിൻ വരവിൻ ദിവസം
ഏകണമെ നാഥാ, മോദം—നവജീവൻ
ദാസന്മാർക്കായി
വാഗ്ദാനം പോലെ നല്കണമെ നാഥാ,
ഹാ—ഹാ—ഉയരേ മണവറയും.

www.malankaralibrary.com



## 145–36 മൃതിയെ മൃതിയാലെ

രീതി: ശരണാഗതമൃതരാം — ദാസർക്കസ്ഥാനം
നവ്യതയേകട്ടെ (ശവസംസ്കാരം)

a) 1 ചരമദിനം പാർത്താൽ — നെടുവീർപ്പിൻ ദിവസം
തിക്ത ദിനം ദേവാ — നല്കണമാശ്വാസം.

2 വത്സല സോദരരേ, — സവിധേയണഞ്ഞിടുവിൻ
ഞാൻ പിരിയുന്നുടനെ; നാഥൻ സന്നിധിയിൽ.

3 ഓർക്കണമെന്നെന്നും — പ്രാർത്ഥനകളിലെന്നെ
ഞാൻ സ്വീകൃതനാവാൻ — നാഥൻ സന്നിധിയിൽ.

4 കാഹളനാദത്തിൻ — ധ്വനി കേൾക്കുന്നേരം
വലഭാഗേയണയാൻ — പ്രാർത്ഥിക്കെൻ പേർക്കായ്.

5 ചോരനു പറുദീസാ — നല്കിയ കരുണാബ്ധി
എൻപാപം കഴുകാൻ — പ്രാർത്ഥിക്കെൻ പേർക്കായ്.

6 നിരവധി തിന്മകൾ ഞാൻ — ചെയ്തേൻ വത്സലരേ,
എൻ മനമിളകുന്നു — പ്രാർത്ഥിക്കെൻ പേർക്കായ്.

7 ആനന്ദം പകരാൻ — ആർക്കും കഴിവില്ല
ഓർക്കണമെൻ പ്രിയരേ, ഭോഷികളാകല്ലേ.

8 ഗോഗുൽത്താമുകളിൽ — സ്ലീബായിൽ നോക്കിൻ
ജീവൻ നേടിടുവിൻ — പ്രാപിക്കാനന്ദം.

9 ജീവജലം പകരും മിശിഹായുടെ സവിധേ
അണയണമെല്ലാരും — പാനം ചെയ്യേണം.

b) 10 കരയരുതൊരുനാളും — മൃതരെ പ്രതിയാരും
മരണം ശാശ്വതമ — ല്ലെന്നതു ചിന്തിക്കിൻ.

11 ഊറിശ്ലേം നഗരേ — ഗോഗുൽത്താമലയിൽ
മിശിഹാ കുരിശിന്മേൽ — മരണത്തെ വെന്നു.

12 മൃതിയെ മൃതിയാലെ — മിശിഹാ തോല്പിച്ചു,
മൂന്നാം നാളിലവൻ — കബറുതുറന്നല്ലോ.



13 തന്നിൽ നിദ്രിതരെ — ശോഭ ധരിപ്പിപ്പാൻ
ദൂതഗണത്തോടെ താനണയും വീണ്ടും.

14 വത്സല സോദരരേ സ്നാനത്തിൻ മുദ്ര
റൂഹായിൻ ചിഹ്നം — നമ്മെ കാത്തിടും.

15 നമ്മിൽ നിക്ഷിപ്തം — തൻ തിരുമേനിതരും
മോദം പകരുന്നോ — രുന്നതമാം രാജ്യം.

c) 16 വേർപിരിയുന്നതിൽ നീ, — വേദിച്ചീടതേ
വേഗം നീ ചെല്ലും — നാഥൻ സന്നിധിയിൽ.

17 ഈ ധരമരുഭൂമി നാം വഴിയാത്രക്കാർ
മരണത്താൽ ഭവനേ — എത്തുന്നു നമ്മൾ.

18 ഈ വഴിയാത്രയിൽ നാം — എണ്ണയെടുക്കേണം
ഭോഷികളെപ്പോലെ — കേണാലെന്തുഫലം

19 നാഥനെ സ്നേഹിപ്പോർ ദീപത്തോടൊപ്പം
എണ്ണയെടുക്കുന്നു — എതിരേല്പിന്നായി.

20 നാഥനണഞ്ഞീടും — നാഴികയറിയില്ല
വേഗമൊരുങ്ങിടുവിൻ — കാഴ്ചയെടുത്തീടിൻ.

21 നല്കിയ നിക്ഷേപം — നാഥനു നല്കിടുവിൻ
ഒന്നിനു പത്തായും പത്തിനു നൂറായും.

22 ലോകത്തിൻ ദീപം — സ്നേഹമതൊന്നത്രേ
നാഥനെ സ്നേഹിപ്പിൻ — മർത്യകുലത്തേയും.

d) 23 തേടരുതൊരു നരനും — നശ്വരമാം പാത,
മിശിഹായുടെ വഴികൾ — തേടിയിറങ്ങീടാം

24 തിന്മ വെടിഞ്ഞിടുവിൻ — നന്മ പ്രവർത്തിപ്പിൻ
മിശിഹായണയുന്നു — കാഴ്ചകളർപ്പിപ്പിൻ;

25 ഭീകരയാഥാർത്ഥ്യം — മരണത്തിൻ മുമ്പിൽ
ലൗകികനിക്ഷേപം — രക്ഷിക്കില്ലാരേം.

26 മുദ്ര ധരിച്ചവരെ — മരണം മൂടില്ല
ആ മരണം നിദ്ര — ആ വഴിതേടീടിൻ.

www.malankaralibrary.com



27 കുഞ്ഞാടിൻ രക്തം — ഇസ്രേലിനെ വീണ്ടു
മിസ്രേംകേണപ്പോൾ — മോദിച്ചിസ്രായേൽ.

28 മരണം അന്തിമമാം — വാതായനമത്രേ
ആവഴിനാം പൂകും — മിശിഹായാം ലോകേ.

29 ശോഭ ധരിച്ച നൃപൻ - കൈകൾ നീട്ടിയിതാ
നമ്മെ കൈക്കൊള്ളും — തൻ തിരുസന്നിധിയിൽ.

30 മരണം നവജനനം - അതുവഴിനാം പൂകും
പുതുതാം രാജ്യത്തിൽ — നിബിയന്മാരൊപ്പം.

൭) 31 പ്രിയരേ, ഞാൻ പോകും വഴിയൊരുനാൾ നിങ്ങൾ
യാനം ചെയ്യാനായ് — വേഗമൊരുങ്ങീടിൻ.

32 ഹൃദയം നല്കിടുവിൻ പ്രിയനാം നാഥനായ്
തൻ സവിധേയെത്തി — കേണരകരഞ്ഞീടിൻ.

33 കണ്ണീരാൽ പാപം - കഴുകിൻ വത്സലരേ,
നന്മകളാം മുടികൾ — കൊണ്ടുതുടച്ചീടിൻ.

34 ദാനം കഴുകുന്നു - ബഹുലം തിന്മകളെ
അഗതികളെ തേടിൻ — ജീവൻ നേടീടിൻ

35 ഞാൻ ചെയ്തവയൊന്നും - ഓർക്കരുതെൻ നാഥാ,
ഗോഗുൽത്തായിൽ ഞാൻ — ഓടിയടുക്കുന്നു.

36 വേദന തിങ്ങുന്നെൻ - കരളിൽ കർത്താവേ,
കൈക്കൊൾകെൻ യാഗം — അർപ്പിക്കുന്നിപ്പോൾ.

37 വയ്ക്കുന്നെൻ നാഥാ, - നീ തന്നൊരു ജീവൻ
നിൻ കയ്യിൽനിന്നും — ഞാനതു നേടട്ടെ;

38 കാലാന്ത്യത്തിങ്കൽ - കൈക്കൊള്ളണമെന്നെ
തള്ളരുതൊരു നാളും — ചേർക്കണമെന്നേക്കും,

39 കബറിലടഞ്ഞാലും - എൻ ഹൃദയം നാഥാ,
നിൻ സ്തുതികൾ പാടും — കാലാന്ത്യത്തോളം.

40 എൻ പ്രിയനാം നാഥാ, - നിന്നെ സ്നേഹിക്കും
എൻ ഹൃദയം തേടു — ന്നെന്നെന്നും നിന്നെ.

41 നിന്നെ ദർശിക്കും - വൻ ദിനമെന്നാണോ!
അതു ഞാൻ കാംക്ഷിക്കു — ന്നെല്ലാ നേരത്തും.



## 146–37 മൃതി സമയം

രീതി: "നാഥൻ വന്നു് മൃതരെ ഉയർപ്പിക്കും
സകല പരേതർക്കും നല്കും പ്രത്യാശ" (ശവസംസ്കാരം)

1 മരണമടുക്കും — ഭീകര നിമിഷത്തിൽ
ഞെട്ടിവിറയ്ക്കും — മാനവരൊരുപോലെ.

2 നവമാം ലോകം — നല്കുന്നു മരണം
പുതിയൊരു ജനനം — പറുദീസാ വാതിൽ.

3 അറിയണമിപ്പോൾ — എല്ലാ നാഴികയും
ഉടയവനെ നാം — വന്ദിക്കണമവനെ.

4 സ്നേഹം തിങ്ങും — സ്നേഹത്തിന്നുറവ
അവനിൽ വയ്ക്കാം — ആശ്രയമെപ്പോഴും.

5 ധരയിൽ ജനിക്കും — മാനവരെല്ലാരും
ഒരു നിമിഷത്തിൽ — പോകണമിവിടുന്നു്.

6 തനിയേ എത്തും — തനിയേ പോയീടും
ശ്രദ്ധത തിങ്ങും — മാനവയാഥാർത്ഥ്യം.

7 ജീവിതമെല്ലാം — ദൈവത്തിൻ ദാനം
അവനെ വണങ്ങാം — അവനിൽ വച്ചീടാം.

8 ക്രൂരിരുൾ തിങ്ങും — ഈ വൻ താഴ്വരയിൽ
കൈകളിലേന്തും — നൃപനെ വണങ്ങീടാം.

9 കരയരുതാരും — മൃതിയണയുന്നേരം
മിശിഹായിൽ നാം — ജീവൻ പ്രാപിക്കും.

10 ചോരൻ സമമായ് — എത്തും മരണത്തിൻ
സമയം പ്രിയരേ, — നാമറിയുന്നില്ല.

11 കർത്താവണയും — ചെയ്തികൾ നോക്കീടും
കുറവുകളുള്ളോർ — കേണീടും നൂനം.

12 ദീപമെടുക്കാം — എണ്ണയെടുത്തീടാം
താലന്തുകളെ — വർദ്ധിപ്പിച്ചീടാം.

13 ദാഹിക്കുന്നോ — നേകാം ദാഹജലം
വേദനയെല്ലാം — ഒപ്പി എടുത്തീടാം.

www.malankaralibrary.com



14 കരയും നരനിൽ—ഹൃദയമലിഞ്ഞീടാം
സോദരനെ നാം—ഹൃദയേ സ്നേഹിക്കാം.

15 മോഹനമാമീ ധര നാഥൻ തന്നു
ഈ വൻദിവസം—ദൈവത്തിൻ ദാനം.

16 വാഴ്ത്തണമവനെ; കാണാം സോദരനിൽ
ദാനം ചെയ്യാൻ—നീട്ടാം നിക്ഷേപം.

17 ഇന്നു കൊടുത്താൽ—നേടും പറുദീസിൽ
നൂറു മടങ്ങായ്—വത്സല സോദരരേ.

18 നശ്വരമാമീ നിക്ഷേപം കൊണ്ട്
ശാശ്വതമാകും—പറുദീസാ നേടാം

19 ക്ഷമയില്ലാത്ത—ദൂതനണഞ്ഞീടും
നാഴികയിൽ നാം—കേണിട്ടെന്തു ഫലം!

20 ''നാഥനരച്ചു:—വന്നിടണം വേഗം:
സമയം തീർന്നു''—ദൂതനുരയ്ക്കുന്നു.

21 വന്നതുപോലെ—പോകേണം പ്രിയരേ;
ഒന്നുമെടുക്കാൻ—സാധിക്കില്ലപ്പോൾ.

22 ഹൃദയേ അവനെ—കൈക്കൊണ്ടൊരു നരനും
സ്നേഹം തിങ്ങും—നരനും മോദിക്കും.

23 മൃതിയെ മിശിഹാ - മൃതിയാൽ തോല്പിച്ചു
മർത്ത്യനു മോദാൽ പറുദീസാ നല്കി.

24 കയറാം പ്രിയരേ, കൃപയുടെ മണവറയിൽ
ഓടരുതാരും — ഉറവയതിൽ നിന്നും

25 ഉയരേ നിന്നും—കരുണാകരനീശോ
കൃപ ചൊരിയുന്നു - ധരയിൽ മോദമൊടെ,

26 വയ്ക്കാമവനിൽ എല്ലാം വത്സലരേ
ക്രൂശിൽ മരിച്ചോൻ ഉന്നതനവനത്രേ.

27 ഈ നാഴികയിൽ—മൃതിയിൽ പൂകീടും
നരനായ് നാഥാ; പ്രാർത്ഥിക്കുന്നടിയാർ.

28 പ്രാർത്ഥന കേൾക്കൂ—മൃതരെ കൈക്കൊൾക്കൂ
പറുദീസായിൽ—പൂകിക്കൂ നൃപനേ.



29 നിൻ ശരണിതരാം—ഇവരുടെ സ്നേഹിതരെ
കൈക്കൊള്ളണമെ—കരുണാകരനീശോ.

30 നിദ്രിതരായോർ—അതുപോൽ ഈ നരരും
വയ്ക്കുന്നീശോ—നിന്നിൽ ഹൃദയങ്ങൾ.

31 ഞാൻ മൃതനാകും—നാഴികയെൻ നാഥാ,
എത്തണം; എന്നെ മാർവ്വിൽ ചേർക്കേണം.

32 തെറ്റുകളെല്ലാം—ചെയ്തവനാമെന്നെ
തള്ളരുതീശോ—നീ മാത്രം രക്ഷ.

33 ശക്തി നശിക്കും—നാഴികയിൽ നാഥാ,
എത്തണം; എന്നെ—മാർവ്വിൽ ചേർക്കേണം.

34 നിന്നെ വെടിഞ്ഞേൻ—ദുഷ്ടത തേടി ഞാൻ
വഞ്ചന കാട്ടി—ദ്വേഷിച്ചു നാഥാ.

35 മായ്ക്കണമീശോ—തെറ്റുകളെല്ലാം നീ
നിന്നിൽ വയ്ക്കു—ന്നെൻ ഹൃദയം നാഥാ,

36 ശുദ്ധർക്കായ് നീ - പണിതൊരു പറുദീസിൽ
ചേർക്കണമെന്നെ—കൃപയാൽ എൻ നാഥാ.

37 ബലഹീനതയാൽ—ചെളിയിൽ വീണവരെ
കൃപയാൽ നാഥാ—കഴുകണമീനേരം.

38 അറിയാതിവർ ചെ—യ്യുന്നൊരു തെറ്റുകളെ
മായ്ക്കണമീശോ—നിൻ കാരുണ്യത്താൽ.

39 എന്തിവർ ചെയ്യു—ന്നെന്നിവരറിവില്ല
തെറ്റുകളെല്ലാം—മായ്ക്കണമെ താതാ.

40 എന്നുര ചെയ്തു—ക്രൂശിതനാം നാഥാ,
നരരിൽ കൃപ നീ—വർഷിച്ചീടണമെ.

41 ദൂതനെ വേഗം—കാവലിനെത്തിക്കൂ
മഹിമോന്നതനേ—സ്ലീബാ പേറുന്നോൻ

42 ഇടവും വലവും ജനതതി നിറയുമ്പോൾ
വലഭാഗം നീ—തരണമെനിക്കായി.

43 എൻ യാചനകൾ—യാചിച്ചവരെയും
എൻ പ്രിയരേയും—വലഭാഗത്താക്ക.

www.malankaralibrary.com



44 കുറവുകളെല്ലാം—കഴുകി കൃപയാലെ
തിരുരക്തത്താൽ—വലഭാഗത്താക്ക

45 ദേഹം മണ്ണും—ദേഹത്തിൻ കാന്തി
മാററമെഴാത്തോൻ—ഏകൻ സംസ്തുത്യൻ.

46 മൃതിയണയുന്ന നേരമടുക്കുമ്പോൾ
കരയരുതാരും—നാഥനരുളുന്നു.

47 കരുണാകരനേ—തള്ളരുതീ നരനെ
അന്ത്യം വരെയും—തിരുമാർവ്വിൽ ചേർക്ക.

48 വേദനയാൽ ഞാൻ—കേഴുന്നനുനിമിഷം
കരുണാകരനേ, നീ മാത്രം ശരണം.

49 നിൻ തിരുഭവനേ അന്ത്യം വരെ വാഴാൻ
കരുണാകരനേ കൃപയിവനേകണമേ.

## 147—38 മൃത്യു

രീതി: "നമ്മുടെ രക്ഷകനാ"
കമ്പറീന്നുയിർ പൂണ്ടി-
ങ്ങെറെറാരു രാവിൽ......"
നാമെല്ലാരുമുറക്കമുണ
ർന്നൊന്നായ് സ്തുതി പാടീടേണം".
(ക്യംതാ-രാത്രി)

1 മർത്ത്യകുലത്തിന്മേൽ
ഭരണാധിപനായോൻ
ഭീകര മൃത്യു
കാലാന്ത്യത്തിലിതാ മൃതനായ്,
സഭ മോദിച്ചാർത്തീടുന്നു,

2 മാനവ കന്യകയാം
മറിയാമിന്നുദരേ
ഉരുവായ് ദൈവം
മൃതി അവനിൽ തട്ടിച്ചിതറി
പാറയിലെന്നതു പോൽ പ്രിയരേ!



3 പാവന റൂഹായേ
കൈവെപ്പാൽ നല്കി
പത്രോസ് ശ്ലീഹാ.
തലമുറതോറും ധരയിലവൻ.
പണിയുന്നു പ്രിയമാം മേനി.

## 148—39 ശവസംസ്കാരം

രീതി: "കബറുകൾ പരിശോധിച്ചീടാം"
(ശനി—സന്ധ്യ—ഒന്നാം കോലോ-
ഗാനം 112. 3. പേജ്, 6 കാണുക)

1 മിശിഹാ രാജാവിൻ വരവിൽ
വാനവ ദൂതൻ കുഴലൂതും
സ്ലീബാ—കാണപ്പെട്ടുമുയരേ.
പൊടിയിൽ നിദ്രിതരാം മർത്ത്യർ
ശോഭയെഴും വസനം ചൂടും
എത്തും നൃപനുടെ വലഭാഗേ.

2 ഇടിനാദ സമം ദൂതന്മാർ
ശബ്ദമുയർത്തുന്നൊരു നേരം
പൊടിയിലിന്നെഴുന്നേല്ക്കും മർത്ത്യർ.
മിശിഹാ പ്രതിഫലമേകീടും
റൂഹാ മുടി ചൂടിച്ചീടും
താതൻ—പ്രിയമാം മണവറയും,

3 ദുഷ്ടന്മാരാം കൂട്ടങ്ങൾ
കത്തുന്നഗ്നിയിൽ വെന്തീടും
ശുദ്ധർ—മോദിക്കും മുകളിൽ
മിശിഹായുടെ മണവാട്ടി സഭ
ശോഭയെഴും വസനത്തോടെ
നില്ക്കും നൃപനുടെ വലഭാഗേ.

www.malankaralibrary.com

## ഭാഗം 7—പൊതുവ്

### 149–40 കാലാവസ്ഥാ ഗീതം

രീതി: "നാഥാ ദയമോച-നമിവകളിന്നീ-ാൻ"
(വ്യാഴം—സന്ധ്യ രണ്ടാം കോലോ)

1 ധരണിയെ നോക്കിക്കരുതുന്നവനീശാ
ഉയരേ നിന്നും വർഷിച്ചു-പനിമഞ്ഞിറ്റീടെ
നിന്നെ വിളിക്കുന്നോർ നിന്നിൽ മോദിക്കും
നിൻ സ്തുതി നിത്യം പാടുമിവർ ജാതികൾ മദ്ധ്യേ.

2 തിന്മ നിറഞ്ഞോരോ-മിവർ മൂലം ധരയെ
ശിക്ഷിക്കരുതേ കരുണാബ്ധേ സുതനെ കാണും
കൃപ ചിന്തപ്പെട്ട ധരയിൽ സകലേശാ,
വർഷിക്കരുതേ കോപാഗ്നി-ഭീകരവാളും.

3 തിരുഹിതമൊത്തതുപോൽ മേല്യരേ നിന്നും
കാലാകാലം കൃപ വർഷിക്കീ ധരയിന്മേൽ
നന്മനിറഞ്ഞവയാം പനിമഞ്ഞും മഴയും
നോക്കിയിരിക്കുന്ന ദാസർ—വേഗം നൽകു

4 ഏലിയാ നിബിയാ വാനടച്ചോരുനാൾ
മഴയില്ലാതെ ജനക്കൂട്ടം കേണുകരഞ്ഞു
പ്രാർത്ഥനയാൽ നിബിയാ മഴ പെയ്യിച്ചു ധരേ.
ഇസ്രായേലതു പാനം ചെയ്താസ്വാദിച്ചു.

5 കാലങ്ങളെ നാഥാ വാഴ്ത്തീടണമെ നീ
ക്രൂരതയകറ്റു ഭീകരമാം മിന്നലുമിടിയും
ചുററിയടിക്കുന്ന കാററും നീക്കണമെ
കൈവേലകളെ തൃക്കയ്യാൽ വാഴ്ത്തണമീശാ.

6 നാഥൻ കാക്കുന്ന നഗരം നിലനില്ക്കും
നാഥൻ പണിയുന്നൊരു ഭവനം മോദം പകരും
നാഥൻ വാഴ്ത്തുന്ന സകലതുമെന്നെന്നും
ആറു മടങ്ങു ഫലം നല്കും നാഥൻ വന്ദ്യൻ.



7 എന്റെ കൈവേലകളെ നാഥാ വാഴ്ത്തണമെ
ആറു മടങ്ങായ് ഫലമേകാൻ കൃപ നല്കീശാ,
ഞാൻ നിന്നോടാകു—നന്നതമായീശാ
അങ്ങിൽ വസിക്കുന്നെൻ ജീവനുമെൻ ചെയ്തികളും

8 മിശിഹാ തൻ ദാസ—ന്മാർക്കായ് മേലുലകേ
സജ്ജമതാക്കിയ ഗേഹങ്ങൾ മോഹനമത്രേ
അത്യുന്നതനേ നിൻ കാരുണ്യം വലുതാം
ഗിരിനിവഹങ്ങളെക്കാൾ വലുതെന്നോതുന്നേൻ ഞാൻ

9 നിന്നെ നോക്കി വസിക്കുന്നവയാം ചെടികൾ
നിന്നിൽ നിന്നു കുടിച്ചീടാൻ ജലമേകണമെ
ഫലനിവഹത്താൽ മോ-ദിക്കും നിന്റെ ജനം
നിൻ സ്തുതി നിത്യം പാടുമിവർ ജാതികൾ മദ്ധ്യേ.

10 തവദാനത്താൽ മോ-ദിക്കും മർത്യർ
ധരയിൽ കൃപയും പനിമഞ്ഞും വർഷിക്കണമെ
തവകല്പനയാലേ കൃപ പെരുകുന്നിവിടെ
തവ കല്പനയാൽ മോദിക്കും നിൻ പ്രിയമക്കൾ,

### 150–41 പച്ചവിരിച്ചൊരു ധര

രീതി: പൗലോസ് ശ്ലീഹാ-
ധന്യൻ ചൊൽ കേട്ടേൻ ഇതേവം. (കുർബാന)

1 മോഹനമായോ-രുലകം നിർമ്മിച്ചു ദൈവം
മർത്യജനയതിൽ നിയമിച്ചാക്കി
ലോകത്തിൽ ജീവിച്ചീടാൻ
ലോകത്തിൽ പണി ചെയ്തീടാൻ
ധരയിൽ നൃപനായ് വാണീടാൻ

മോഹനമാമീയുലകത്തിൽ
വേദനയെല്ലാം നരർ മദ്ധ്യേ
ദൈവം വത്സലരെ വിട്ടു
ലോകത്തെ സ്നേഹിച്ചീശൻ.

www.malankaralibrary.com



2 ക—ത്തിജ്ജ്വലിക്കും—ലോകത്തിൻ നടുവിൽ ദൈവം
പച്ച വിരിച്ചൊരു ധരപണിതു
ധരയിൽ സ്ലീബായെ നാട്ടി
നവമാം ബലിപീഠത്തെയും
ചുററിലുമായ് തിരുസഭയേയും
ലോകത്തിൻ കേന്ദ്രം മിശിഹാ
സഭയുടെ ശിരസ്സും അവനത്രേ
സഭയിൽ സ്ഥാപിതമാം ബലിയിൽ
വാഴുന്നു റൂഹാ—ദൈവം.

3 പാ—വനമത്രേ-സഭയിൽ കാണും ബലിവേദി
ബലിയർപ്പിക്കുന്നു മിശിഹാ
അർപ്പിത വസ്തുവും അതുതന്നെ
ഗോഗുൽത്താ മലയിൽ ഒരുനാൾ
രക്തം ചിന്തി ജേതാവ്.
ലോകം മുഴുവൻ ദാസന്മാർ
നിണരഹിതം ബലിയർപ്പിപ്പൂ
ധൂപസുഗന്ധത്തോടൊപ്പം
കൃപയെത്തുന്നു മേലിന്നും.

4 ഗീ—തംപാടും-തിരുസഭയിൽ നാഥന്നായി
ജേതാവാകുന്ന ദൈവം;
രഥവും കുതിരയുമാഴിയിലായ്.
മുതരിൽ നിന്നുയിരേററുടയോൻ,
ഭോഷന്മാർ വിജ്ഞാനികളായ്.
എൻ ഗീതവുമെൻ ശക്തിയുമാം
രക്ഷകനേ നീയെൻ നാഥൻ
നീയാണത്യുന്നത ദൈവം
നിൻ ഗീതം ഞാൻ പാടിടും.

5 അ ത്യുന്നതനാം ദൈവം ജേതാവാകുന്നു
ഫറവോൻ ലജ്ജിതനായ് കടലിൽ
മരണം സ്ലീബായിൽ മൃതനായ്
ദൈവിക പദ്ധതി നിറവേറും
ധരയിൽ വാനമിറങ്ങിടും



ദുഷ്ടർ ചിതറി നശിക്കുമ്പോൾ
തീയിൽ വെന്തു ദഹിക്കുമ്പോൾ
ദൈവം തൻ സുതരെ മടിയിൽ
ചേർത്താനന്ദിപ്പിച്ചീടും,

6 ഭൂ—വാനങ്ങൾ ദൈവത്തിൻ വകയാകുന്നു
ദൈവം ധരയെ സൃഷ്ടിച്ചു
അവയവനെ കേൾക്കുന്നെന്നും
തുള്ളുന്നു മലകൾ മുമ്പിൽ
മാറിപ്പോകുന്നലയാഴി.
നിന്നേപ്പോലാരുണ്ടീശാ
പരിപാവനനാം നീ ദൈവം
സത്യത്തിൻ പൂർണ്ണത നാഥൻ
വൻസ്നേഹം തിങ്ങും നാഥൻ.[1]

7 എ—ന്നുടെ ഹൃദയം—ആനന്ദത്താൽ പാടുന്നു
അത്യുന്നതനാം നാഥന്റെ
ഗീതം പാടുന്നേൻ സഭയിൽ
എൻ ശക്തിയതാമെൻ നാഥാ
നിൻ രക്ഷയിതു മോദിക്കുന്നേൻ.
നിന്നേപ്പോലാരുണ്ടുലകിൽ
നിന്നെപ്പോലൊരു രക്ഷകനും
നിന്നേപ്പോൽ സ്നേഹം തിങ്ങും
പരിപാലകനും ഇല്ലീശാ.

8 വി—ജ്ഞാനത്തിൻ തികവാകുന്നു ജഗദീശൻ
ചെയ്തികളെല്ലാം തൂക്കുന്നു
ചിന്തകളെല്ലാം കാണുന്നു
വിനയാന്വിതരായ് വർത്തിപ്പിൻ
പാപം ദൂരെയകററീടിൻ
വില്ലുകളെല്ലാം തകരുന്നു
എളിയവരാനന്ദിക്കുന്നു
സമ്പന്നർ കേണീടുന്നു
ആവശ്യക്കാർ മോദിപ്പൂ.

---

1 പുറപ്പാട് 15

www.malankaralibrary.com



9 സ–മ്പന്നതയിൽ മോദിച്ചവരാം കൂട്ടങ്ങൾ
അപ്പത്തിനായ് കേഴുന്നു
ക്ഷുധിതരാമോദിക്കുന്നു
നാഥൻ നല്കുന്നു ദാഹം
ദാഹം മാറ്റുന്നു നാഥൻ
വന്ധ്യയെ മോദിപ്പിക്കുന്നോൻ
അഗതിയെ ഉയരെയിരുത്തുന്നോൻ
നൃപരെ താഴെയിറക്കുന്നു
കല്പക്കഴിവും നല്കുന്നു.

10 എ–ല്ലാറ്റിന്റെയും അധികാരിയതാം എൻ നാഥാ,
ഉന്നതനാക്കുന്നതുമങ്ങ്
താഴെയിറക്കുന്നതുമങ്ങ്
ശ്രേയസ്സു നല്കുന്നതുമങ്ങ്
അതു നീക്കുന്നതുമങ്ങത്രേ.
തൻ ജനതയെ നാഥൻ വാഴ്ത്തും
ദുഷ്ടർ പാടേ നീങ്ങീടും
ശക്തിയിലല്ലായുസ്സു പ്രിയരേ,
ദൈവത്തിൻ കാരുണ്യത്തിൽ[2].

11 വാ–ഴ്ത്തപ്പെട്ടോൻ ജീവിക്കുന്നവനാം ദൈവം
തൻ രാജത്വം ശാശ്വതമാം
കീർത്തിതമല്ലോ തൻ രാജ്യം
ദണ്ഡം നല്കുന്നു നാഥൻ
ദണ്ഡം തിരികെയെടുക്കുന്നു
വേദന നല്കുന്നു നാഥൻ
വേദനയൊപ്പിയെടുക്കുന്നു
തൻ കരമെല്ലാം ചെയ്യുന്നു
എല്ലാം തന്നിൽ മേവുന്നു.





12 ഇ–സ്രായേലേ –കീർത്തിക്കുന്നവനെയെന്നും
ജാതികളെയറിയിച്ചിടുവിൻ
ദൈവം അത്യുന്നതനത്രേ
ദൈവം ഭൂതിയീനഥിതനായ്
സ്നേഹിക്കുന്നടയോൻ നമ്മെ.
നമ്മുടെ താതനവൻ തന്നെ
കാരുണ്യം താൻ കാട്ടുന്നു
പാപത്താൽ കുഴിയിൽ വീണ
നമ്മെ സ്നേഹി–ക്കുന്നീശൻ.

13 പാപം വെടിയൂ–നന്മ പ്രവർത്തിക്കൂ പ്രിയരേ
കീർത്തനമെന്നും പാടിടുവിൻ
സ്തോത്രം നാഥന്നർപ്പിക്കാം
നന്ദിയവന്നേകാം പ്രിയരേ,
ഹൃദയം തന്നിൽ വച്ചീടാം
മോദിച്ചീടാം ദൈവത്തിൽ
ശരണം വയ്ക്കാമുടയവനിൽ
അവനൊരു നാളും തള്ളില്ല
അഗതിക്കാശ്രയമങ്ങത്രേ.

14 കീ–ർത്തിതരത്രേ–നാഥനെ സ്നേഹിക്കും ജാതി
ശാന്തിയിൽ മേവുമവർ നിത്യം
വേദന നീക്കും ജഗദീശൻ
കാട്ടും കാരുണ്യം നിത്യം
ജാതികൾ മദ്ധ്യേ ഉയർത്തീടും
ജാതികൾ നടുവിൽ നിൻ ഗീതം
പാടും ഞാനന്നു നൃപനായ്
കാട്ടും നിൻതിരു ചെയ്തികളെ
നിൻ കൈകളിൽ വച്ചു–ന്നെന്നെ.[3]

www.malankaralibrary.com



15 ശ്രേ-ഷ്ഠ തിരിക്കു-ഭുവനങ്ങളെയൊരുപോലെ
വിജ്ഞാനം ഞാനോതീടാം
പുല്ലോടിയിൽ ഹിമമെന്നതുപോൽ
മോദിപ്പിച്ചീടും നാഥൻ
ദൈവം അത്യുന്നതനത്രേ
തൻ ചെയ്തികളെല്ലാം പൂർണ്ണം
നീതി നിറഞ്ഞവ തൻ വഴികൾ
വാഗ്ദാനം താൻ നല്കീടും
കാരുണ്യം താൻ ചിന്തീടും.

16 ന-മ്മെ സൃഷ്ടി-ച്ചവനാമീശൻ സംസ്തുത്യൻ
തിരുസഭയിൽ നമ്മെ ചേർത്തു
അനുനിമിഷം കൃപ ചൊരിയുന്നു
ചിറകിൽ നമ്മെ കാക്കുന്നു
കൈയിൽ താങ്ങുന്നെപ്പോഴും.
എന്നെന്നേക്കും സർവേശൻ
ധരയിൽ ചിന്തുന്നു കരുണ
പാപം തിങ്ങി നിറഞ്ഞവരിൽ
കാരുണ്യം ചൊരിയു-ന്നീശൻ.

17 ദൈ-വം കാക്കും തൻ പ്രിയ ജനതയെ എന്നേക്കും
അരിനിരയെ തോല്പിക്കുമവൻ
വേദന ദൂരെയകറ്റീടും
മരുഭൂമിയിലേകുന്നു തണൽ
മന്നിൽ ചൂട്ടും നല്കുന്നു.
തൻ ഹൃദയത്തിലവൻ നമ്മെ
സംരക്ഷിക്കുന്നെപ്പോഴും
നമ്മുടെ കാലുകളിടറാതെ
കാക്കുന്നുന്നതനാം നാഥൻ

18 വി-സ്തൃതമാകും-ചിറകുവിരിക്കും കഴുകൻപോൽ
പൊതിയുന്നു നാഥൻ നമ്മെ
കാക്കുന്നെല്ലാ നാഴികയും
ദുഷ്ടനെ ദൂരെയകറ്റുന്നു
തൻ തണലിൽ വാഴും നമ്മൾ.



ഇനിയും ജീവനമേകുന്നു
നാഥൻ തുല്യതയില്ലാത്തോൻ
അവനെ സ്നേഹിക്കും പ്രിയരേ
അവനാണുന്നതനാം നാഥൻ

19 ദൈ-വത്തെപ്പോൽ-ഇല്ലൊരുവനുമീയുലകത്തിൽ-
ഇനിയും ജീവനമേകുന്നോൻ
ഉറിവേല്പിക്കുന്നതുമീശൻ
അതുപോൽ താൻ സുഖവും നല്കും
തൻ എതിരേ നില്ക്കില്ലാരും
കാരുണ്യം താൻ ചിന്തുന്നു
തലമുറതോറും വത്സലരേ
തള്ളില്ലൊരുനാളും നമ്മെ
അവനെ പുല്കാമീനേരം [4]

20 സീ-നായ്മലയിൽ ദൈവമിറങ്ങി ഒരുനാളിൽ
മുമ്പിൽ കാഹളമൂതുന്നോർ
അൻവലഭാഗമതായ ജ്വാല
ജനതയെ സ്നേഹിച്ചോരു നാഥൻ
മോശിക്കേകി തണണിക്കായ്
ഞാൻ നിൻ ദൈവം വത്സലരേ
നിങ്ങൾ മമ പ്രിയരാം ജനവും
എൻ വഴി നിങ്ങൾ പോകേണം
നിങ്ങളെ ഞാനെന്നും വാഴ്ത്തും.[5]

---

4 ആവർത്തനം 32
5 ആവർത്തനം 33

www.malankaralibrary.com



## 151–42 മിസ്രേം കേണപ്പോൾ

മീഞ്ഞി: ശെ ക്കൻ സബ്'നാരിൽ
മോശ വിളിച്ചു കേട്ടവനെ
പ്രാർത്ഥന ധൂപം കൈക്കൊണ്ട
ദേവ—ശാ സഭയിൽ
ദാസർ ധൂപം കൈക്കൊൾക
അഹറോൻ തന്നുടെ ധൂപം പോൽ
ഹാ— ഇരുലോകങ്ങൾക്കു...പനേ,
നിൻ ദാസന്മാരിവരല്ലോ.
(വെള്ളി—പ്രഭാതം ഒന്നാം കോലോ)

1 അത്യുന്നതനേ, നീ
പ്രാർത്ഥന കേൾക്കുന്ന കൃപയാൽ
യാചനയെല്ലാം നല്കുന്ന
എൻ ജീവൻ ...നിൽ
ധരമുഴുവൻ കൃപയാൽ മഴയും
ചൂടും നല്കുന്നവനേ. നീ
ഹാ —വാഴ്ത്തപ്പെട്ടവനാമങ്ങേ
തിരുനാമം ഞാൻ കീർത്തിക്കും.

2. അത്യുന്നതനേ നീ
കുരുടന്റെ കണ്ണു തുറന്നല്ലോ
വിളി ചെയ്യുന്നവരെ കേട്ടു
വെള്ളം വീഞ്ഞാക്കി
ലാസറിനെ കബറിൽനിന്നും
എഴുന്നേല്പിച്ചേകി ജീവൻ
ഹാ—വാഴ്ത്തപ്പെട്ടവനാമങ്ങേ
തിരുനാമം ഞാൻ കീർത്തിക്കും.

3 കടലിൻ നടുവിൽ നീ
ശക്തി പകർന്നു ശിഷ്യർക്കായ്
നിൻ ദൈവത്വം കാണിച്ചു
ഭുവനങ്ങൾ നിൻ



കരവേലയതാണെന്നെന്നും
പാടും ദാസർ ജനമദ്ധ്യേ
ഹാ—വാഴ്ത്തപ്പെട്ടവനാമങ്ങേ
തിരുനാമം ഞാൻ കീർത്തിക്കും.

4 ഇപ്പനേ ജേതാവേ,
സകലരുമങ്ങേ സന്നിധിയിൽ
കേണുകരഞ്ഞിടുന്നിപ്പോൾ
നൽകു നിൻദാനം
നീയല്ലാതീ മരുഭുവിൽ
വേറില്ലാരും രക്ഷകനായ്.
ഹാ— വാഴ്ത്ത...

5 മിസ്രേം കേണപ്പോൾ
മോദിച്ചിസ്രായേൽ കൂട്ടം
രക്ഷിച്ചവരെ തൃക്കൈകൾ
മൂശാ നിബി വഴിയായ്
കടലും മരുവും പിന്നിട്ടാ—
ക്കൂട്ടം കാനാനിൽ വന്നു.
ഹാ വാഴ്ത്ത...

6 മന്നായും ജലവും
ഇസ്രായേലിന് നീ നല്കി
മരുഭൂവിൽ നാല്പതുവർഷം
ദുഷ്ടർ വീണപ്പോൾ
നിൻ പ്രിയരായോർ കാനാനിൽ
മോദിച്ചാർത്തു നിൻ കൃപയാൽ
ഹാ—വാഴ്ത്തപ്പെട്ടവനാമങ്ങേ
തിരുനാമം ഞാൻ കീർത്തിക്കും.

7 കരുണാ സാഗരമേ,
തിരുനിണമെയ് കൈക്കൊണ്ടവരെ
ദഹനൻ ഭക്ഷിച്ചീടരുതേ
കൃപയാൽ വലഭാഗം
നല്കണമെൻ പ്രിയനാം നാഥാ
നിൻ വലുതാം ദിനമണയുമ്പോൾ
ഹാ—വാഴ്ത്തപ്പെട്ടവനാമങ്ങേ
തിരുനാമം ഞാൻ കീർത്തിക്കും.